പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 511 — 25-03-2010-ൽ മറുപടിയ്ക്ക്

## യുവജനക്ഷേമ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ശശികുമാർ:<br>ശ്രീ.മുരളി പെരുനെല്ലി:<br>ശ്രീ.ടി.പി.കുഞ്ഞുണ്ണി:<br>ശ്രീ.എം.ഹംസ:<br>ശ്രീ.എ.എം.ആരിഫ്: | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |
| (എ) എല്ലാ ഗ്രാമപഞ്ചായത്തുകളിലും യൂത്ത് സെന്ററുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടി വിശദമാക്കുമോ ; | (എ) ഉണ്ട്. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന യുവശക്തി പദ്ധതിയുടെ ഭാഗമായി എല്ലാ പഞ്ചായത്തുകളിലും ഓരോ യൂത്ത് കോ ഓർഡിനേറ്റർമാരെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത കോ ഓർഡിനേറ്റർമാർ മുഖേന എല്ലാ പഞ്ചായത്തുകളിലും യൂത്ത് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) ദുരന്ത മേഖലകളിലെ രക്ഷാപ്രവർത്തനം ലക്ഷ്യമാക്കി ആരംഭിച്ച യുവകർമ്മ സേന നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കുമോ ; | (ബി) തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളിലെ പ്രകൃതി ക്ഷോഭ ദുരന്തങ്ങളിൽ യുവകർമ്മ സേന അടിയന്തിരമായി ഇടപെടുകയും സ്തുത്യർഹമായ സേവനം കാഴ്ച വക്കുകയും ചെയ്തിട്ടുണ്ട്. |

| | | |
|---|---|---|
| (സി) യൂത്ത് വെൽഫയർ ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | (സി) | നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) യുവാക്കളുടെ അവകാശങ്ങൾ സംരക്ഷിയ്ക്കുന്നതിന് ജുഡീഷ്യൽ അധികാരത്തോടി കൂടിയ യൂത്ത് കമ്മീഷൻ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ? | (ഡി) | പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നംപര്‍ 512 * 25.03.2010 ല്‍ മറുപടിക്ക്

## ജലം ശുദ്ധീകരിച്ച് ഉപയോഗയോഗ്യമാക്കാന്‍ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. യു. സി. രാമന്‍ | ശ്രീ. എന്‍.കെ. പ്രേമചന്ദ്രന്‍<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെവിടെയെങ്കിലും കിണറുകളിലും മററ് ജല സ്രോതസ്സുകളിലും നിന്ന് ലഭിക്കുന്ന ജലത്തില്‍ ആരോഗ്യത്തിന് ഹാനികരമായ ഘടകങ്ങള്‍ അടങ്ങിയിരിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ ; | (എ) ഉണ്ട് |
| (ബി) എങ്കില്‍ ഹാനികരമായ ഘടകങ്ങള്‍ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; | (ബി) 1. കോളിഫോം ബാക്ടീരിയ<br>2. ഇരുമ്പ്<br>3. ഫ്ളൂറൈഡ്<br>4. ക്ലോറൈഡ്<br>5. നൈട്രേററ് |
| (സി) ജലം ശുദ്ധീകരിച്ച് ഉപയോഗയോഗ്യമാക്കിത്തീര്‍ക്കാന്‍ പദ്ധതികള്‍ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ? | കേരളാ വാട്ടര്‍ അതോറിററിയുടെ വിതരണ ശൃംഖലയില്‍ക്കൂടി വിതരണം ചെയ്യുന്ന കുടിവെള്ളം ശുദ്ധീകരിച്ച് അണുവിമുക്തമാക്കിയാണ് ജനങ്ങളിലെത്തിക്കുന്നത്. എന്നാല്‍ നിലവിലുള്ള ശുദ്ധീകരണശാലകള്‍ രാസമാലിന്യങ്ങള്‍ ശുദ്ധീകരിക്കുന്നതിന് പര്യാപ്തമല്ല. ആയതിനാല്‍ രാസമാലിന്യങ്ങള്‍ സ്രോതസ്സുകളില്‍ കണ്ടെത്തിയ സ്ഥലങ്ങളില്‍ സമീപത്തുള്ള സുരക്ഷിത സ്രോതസ്സുകളില്‍ നിന്നുള്ള ജലമാണ് ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നത്. |

സെക്ഷന്‍ ഓഫീസര്‍

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. : 513 — 25.03.2010 - ൽ മറുപടിക്ക്

## ജലസംഭരണികളിൽ നിന്നും മണൽ വാരുന്നതിന് സ്ഥിരം സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജാജി മാത്യു തോമസ്<br>ശ്രീ. എൻ.അനിരുദ്ധൻ<br>ശ്രീ. കെ.രാജു<br>ശ്രീ.എ.കെ.ചന്ദ്രൻ<br>ശ്രീ.കെ.അജിത് | ശ്രീ. എൻ.കെ.പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് അണക്കെട്ടുകളോടു ചേർന്നുള്ള ജലസംഭരണികളിൽ നിന്നും മണൽ വാരുന്നതിന് സ്ഥിരം സംവിധാനങ്ങൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | എ) ജലസംഭരണികളിൽനിന്നും എക്കൽ നീക്കം ചെയ്യുന്നത് ഒരു പൊതു നയമായി സ്വീകരിച്ചിട്ടുണ്ട്. അരുവിക്കര, ചുള്ളിയാർ സൈറ്റ്-1 ജലസംഭരണിമേഖലകളിൽ നിന്നും ദേശീയ തൊഴിൽ ഉറപ്പ് പദ്ധതിപ്രകാരവും മലമ്പുഴ, ചുള്ളിയാർ സൈറ്റ് 3-4 ജലസംഭരണി മേഖലകളിൽ നിന്നും യന്ത്രവൽകൃതമായും ചെളിയും മണലും പരീക്ഷണാടിസ്ഥാനത്തിൽ നീക്കിവരുന്നു. |
| ബി) ഈ പദ്ധതിക്കായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തുന്നത് ; | ബി) അരുവിക്കര ജലസംഭരണിയിലും ചുള്ളിയാർ (സൈറ്റ്-1) ജലസംഭരണിയിലും ദേശീയ തൊഴിലുറപ്പ് പദ്ധതിപ്രകാരമാണ് ചെളിയും മണലും നീക്കം ചെയ്യുന്നത്. ഇപ്രകാരം നീക്കം ചെയ്യുന്ന ചെളി ലേലം ചെയ്യുകയും മണൽ കലവറ വഴി വിതരണം ചെയ്യുകയും ചെയ്തുവരുന്നു. മലമ്പുഴ ജല സംഭരണിയിലും ചുള്ളിയാർ (സൈറ്റ് 3,4) എന്നിവിടങ്ങളിൽ പൂർണ്ണമായും യന്ത്രവൽകൃതമായിട്ടാണ് ചെളിയും മണലും നീക്കം ചെയ്യുന്നത്. ഇത്തരത്തിൽ നീക്കം ചെയ്യുന്ന മണൽ ലേലത്തിലൂടെയും ഇ.എം.എസ്.ഭവന പദ്ധതിക്കും ഐ.എ.വൈ.യിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്കും കലവറ വഴി നൽകിവരുന്നു. |

| | | | |
|---|---|---|---|
| സി) | ഇത്തരം ജലസംഭരണികളി ലെല്ലാംകൂടി എത്ര ടൺ മണൽ ഉണ്ടെന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത് ? | സി) | അണക്കെട്ടുകളിൽ നാളിതുവരെ അടിഞ്ഞുകൂടിയിട്ടുള്ള എക്കൽ മണ്ണിന്റെ ഏകദേശ അളവാണ് KERI Peechi, CWRDM (Centre for Water Resources Development and Management) Kozhikode, Regional Remote Sensing Service Centre ISRO, Jodpur, Centre for Earth Science Studies, Thiruvananthapuram, College of Engineering, Thiruvananthapuram തുടങ്ങിയ ഏജൻസികൾ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയിട്ടുള്ളത്. എക്കലിൽ നിന്നും മണൽ വേർതിരിച്ചെടുത്തതിനു ശേഷം മാത്രമെ എത്ര ടൺ മണൽ ഉണ്ടെന്നുള്ളതിന്റെ കൃത്യമായ കണക്കുകൾ ലഭിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : * 514

25.03.2010-ൽ മറുപടിക്ക്.

### സെസ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ബാബു :<br>ശ്രീ. എം. മുരളി :<br>ശ്രീ. വി.ഡി. സതീശൻ : | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) സ്പെഷ്യൽ ഇക്കണോമിക് സോൺ അനുവദിക്കുന്നതിന് അംഗീകരിച്ചിട്ടുള്ള നിബന്ധനകൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ ; | (എ) കേന്ദ്ര ഗവൺമെന്റിന്റെ സെസ്സ് ആക്ട് 2005, സെസ്സ് റൂൾസ് 2006, 06.10.2008-ലെ സർക്കാർ ഉത്തരവ് (സാധാരണ) നം. 1154/08/വ്യവ. പ്രകാരം അംഗീകരിച്ച സംസ്ഥാന സർക്കാരിന്റെ സെസ്സ് നയം എന്നിവയിൽ വ്യക്തമാക്കിയിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായാണ് സംസ്ഥാനത്ത് പ്രത്യേക സാമ്പത്തിക മേഖലകൾ അനുവദിക്കുന്നത്. |
| (ബി) ഈ നിബന്ധനകൾ പാലിക്കാത്ത സ്ഥാപനങ്ങൾക്ക് സെസ് അനുവദിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (ബി) ഇല്ല. |
| (സി) എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങൾക്കാണ് എന്ന് വ്യക്തമാക്കുമോ ? | (സി) ചോദ്യം ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: *515

25-03-2010 ൽ
മറുപടിക്ക്

## പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജ്മെന്റ് സംവിധാനം ശക്തിപ്പെടുത്താൻ സ്വീകരിച്ച നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോർജ് എം. തോമസ് :<br>" എസ്. രാജേന്ദ്രൻ :<br>" കെ.സി. രാജഗോപാലൻ :<br>" ബി.രാഘവൻ :<br>" കെ. കുഞ്ഞമ്മത് മാസ്റ്റർ : | ശ്രീ. എളമരം കരീം<br>(വ്യവസായവകുപ്പുമന്ത്രി ) |
| (എ) പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജ്മെന്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ പരസ്പര സഹകരണം, കാര്യക്ഷമത വർദ്ധിപ്പിക്കൽ, സുതാര്യവും മെച്ചപ്പെട്ടതുമായ കമ്പനി ഭരണ നിർവ്വഹണം എന്നിവ അടിസ്ഥാനമാക്കിയുള്ള സമഗ്രമായ വ്യവസായ നയത്തിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളെ മത്സര ക്ഷമതയുള്ളതാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇപ്രകാരം കമ്പനികളുടെ ചീഫ് എക്സിക്യൂട്ടീവുകളായി അതാത് മേഖലകളിൽ വൈദഗ്ദ്ധ്യം ഉള്ളവരെ തെരഞ്ഞെടുത്ത് നിയമിക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ടുവരുന്നു. പൊതുമേഖലാസ്ഥാപനങ്ങളുടെ മാനേജ്മെന്റിനെ വൈദഗ്ദ്ധ്യവൽക്കരിക്കുന്നതിന്റെ ഭാഗമായി മാനേജ്മെന്റ് തലത്തിലുള്ള ഉന്നത ഉദ്യോഗസ്ഥന്മാർക്ക് വിവിധ പരിശീലന പരിപാടികളും RIAB മുഖേന നടപ്പിലാക്കിവരുന്നു. കൂടാതെ മാനേജ്മെന്റിന്റെ വിവിധ തലങ്ങളിൽ മികച്ച മാനേജ്മെന്റ് രീതികൾ അവലംബിക്കുന്നതിനുള്ള നിർദ്ദേശങ്ങളും പരിശീലന പരിപാടികളും സർക്കാർ നൽകി വരുന്നുണ്ട്. |

| | |
|---|---|
| (ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ എം.ഡി. മാരായി പ്രൊഫഷണലുകളെ നിയമിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; | (ബി) ഉണ്ട്. |
| (സി) പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജ്മെന്റ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | (സി) ഉണ്ട്.<br>വിശദാംശം അനുബന്ധം ഒന്നായി ചേർത്തിരിക്കുന്നു. |
| (ഡി)കമ്പനി ഉൽപന്നങ്ങളുടെ വിൽപന, അസംസ്കൃത വസ്തുക്കൾ വാങ്ങൽ എന്നിവ സുതാര്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>സെക്ഷൻ ഓഫീസർ |

[illegible] - I

RIAB-മുഖേന നടത്തിയ പരിശീലനപരിപാടികളുടെ വിവരം.

| Sl.No | Programme | Date |
|---|---|---|
| 1 | KMML-ൽ നടപ്പിലാക്കിയ മികച്ച മാനേജ്മെന്റ് [illegible] സംവിധാനങ്ങൾ മറ്റുള്ള സ്ഥാപനങ്ങളുമായി പങ്കുവയ്ക്കുന്നതിനായി ഒരു ശിൽപശാല സ്ഥാപനങ്ങളിലെ സീനിയർ മാനേജ്മെന്റിനായി സംഘടിപ്പിക്കുകയുണ്ടായി. | 22-09-2008 |
| 2 | "Creative Leadership under constraints" എന്ന ഒരു ട്രെയിനിങ് പ്രോഗ്രാം ചീഫ് എക്സിക്യൂട്ടീവിനായും സീനിയർ മാനേജ്മെന്റിനായി സംഘടിപ്പിക്കുകയുണ്ടായി. | 22-10-2008 |
| 3 | "Understanding Financial Statements & Tips for Project Appraisal"- എന്ന ഒരു ട്രെയിനിങ് പ്രോഗ്രാം പൊതുമേഖലാ സ്ഥാപനങ്ങളുടെ വിഭാഗങ്ങൾ കൈകാര്യം ചെയ്യുന്ന ആസൂത്രണ, ധനകാര്യ, പ്ലാനിങ് വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കായി നടത്തുകയുണ്ടായി | 23rd & 24th October 2008 |
| 4 | "Extempore Leadership Lab" എന്ന ഒരു ട്രെയിനിങ് പ്രോഗ്രാം ചീഫ് എക്സിക്യൂട്ടീവിനായും സീനിയർ മാനേജ്മെന്റിനായി സംഘടിപ്പിക്കുകയുണ്ടായി. | 17th & 18th December 2008 |
| 5 | "Electronic Governance approaches for Enterprises" എന്ന പേരിൽ ഒരു ശിൽപശാല ചീഫ് എക്സിക്യൂട്ടീവിനായും സീനിയർ മാനേജ്മെന്റിനായും സംഘടിപ്പിക്കുകയുണ്ടായി. | 06-07-2009 |
| 6 | "Measure, Monitor and Manage What Matters" എന്ന ഒരു ട്രെയിനിങ് പ്രോഗ്രാം ചീഫ് എക്സിക്യൂട്ടീവിനായും സീനിയർ മാനേജ്മെന്റിനായും സംഘടിപ്പിക്കുകയുണ്ടായി. | 21st November 2009 |

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 516 | 25.03.2010-ൽ മറുപടിയ്ക്ക്

## ദന്ത ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ടി.പി.കുഞ്ഞുണ്ണി:<br>ശ്രീ.കെ.വി.കുഞ്ഞിരാമൻ:<br>ശ്രീ.എം.കെ.പുരുഷോത്തമൻ:<br>ശ്രീ.പി.ടി.എ.റഹീം:<br>ശ്രീ.ആർ.സെൽവരാജ്: | | ശ്രീമതി.പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | ദന്തചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) | ദന്ത ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നിലവിൽ ദന്തൽ യൂണിറ്റുകളുള്ള സ്ഥാപനങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങളും സാധന സാമഗ്രികളും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, ആധുനിക ഉപകരണമായ പനേരമിക് റേഡിയോഗ്രാഫ് യൂണിറ്റ് (O.P.G.Machine) ചില പ്രധാന ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്. എൻ.ആർ.എച്ച്.എം.മുഖേന നിലവിലുള്ള ഒഴിവുകളിൽ നിയമനം നടത്തിയിട്ടുണ്ട്. താലൂക്ക് ആശുപത്രികൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെൻററുകൾ ഉൾപ്പെടെ സംസ്ഥാനത്തെ ഏതാനും ആശുപത്രികളിൽ ദന്ത ചികിത്സാ വിഭാഗം ആരംഭിക്കുന്നതിനുള്ള ശുപാർശ പരിശോധിച്ചു വരുന്നു. |
| (ബി) | ദന്തൽ യൂണിറ്റുകൾ ഇല്ലാത്ത പ്രൈമറി ഹെൽത്ത് സെൻറർ ഉൾപ്പെടെയുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ ദന്ത ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | (ബി) | താലൂക്ക് ആശുപത്രികളും കമ്മ്യൂണിറ്റി ഹെൽത്ത് സെൻററുകളുമുൾപ്പെടെ നിലവിൽ ദന്തൽ യൂണിറ്റുകൾ ഇല്ലാത്ത സ്ഥാപനങ്ങളിൽ ദന്തൽ യൂണിറ്റുകൾ ആരംഭിക്കുന്നതിനാണ് ഇപ്പോൾ പ്രാമുഖ്യം നൽകുന്നത്. പി.എച്ച്.സി.കളിൽ ഉടൻ ദന്തൽ യൂണിറ്റുകൾ ആരംഭിയ്ക്കുക പ്രായോഗികമായി ബുദ്ധിമുട്ടാണ്. |
| (സി) | ദന്തൽ യൂണിറ്റുകൾക്ക് ആവശ്യമായ ആധുനിക ഉപകരണങ്ങളും സാധന സാമഗ്രികളും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | ഫണ്ടിൻെറ ലഭ്യത കൂടി പരിഗണിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | സ്കൂൾ കുട്ടികൾക്കായി ദന്തരോഗ നിർണ്ണയ ക്യാമ്പുകളും ബോധവൽക്കരണ ക്ലാസുകളും സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ഈ സാമ്പത്തിക വർഷം സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 56 സ്കൂളുകളിൽ ദന്തരോഗ നിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിച്ചു. അടുത്ത വർഷവും ബോധവൽക്കരണ പരിപാടികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ദന്തരോഗ നിർണ്ണയ ക്യാമ്പുകൾ സ്കൂളുകളിൽ സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 517 | 25.03.2010-ൽ മറുപടിക്ക്

## ആശുപത്രി വികസന സമിതികളുടെ പ്രവർത്തനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.ശിവൻകുട്ടി:<br>ശ്രീ.വി.എൻ.വാസവൻ:<br>ശ്രീ.സി.കെ.സദാശിവൻ:<br>ശ്രീ.എ.പ്രദീപ്കുമാർ:<br>ശ്രീ.പി.ജയരാജൻ: | | ശ്രീമതി.പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | ആശുപത്രി വകസന സമിതികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | ആശുപത്രി വികസന സമിതികൾ മൂന്നു മാസത്തിലൊരിക്കൽ നിർബന്ധമായും അവലോകന യോഗം ചേരേണ്ടതും പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതുമാണെന്ന സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ മെഡിക്കൽ കോളേജുകളിലും സർക്കാർ ആശുപത്രികളിലും ആശുപത്രി വികസന സമിതി യോഗങ്ങൾ കൃത്യമായി കൂടുന്നുണ്ട്. ആയതിനാൽ ഇപ്പോൾ ആശുപത്രി വികസന സമിതികളുടെ പ്രവർത്തനങ്ങൾ തൃപ്തികരമായി നടക്കുന്നുണ്ട്. |
| (ബി) | എല്ലാ ആശുപത്രി വികസന സമിതികളും ജനപ്രതിനിധികളെ ഉൾപ്പെടുത്തി പുന:സംഘടിപ്പിച്ചിട്ടുണ്ടോ; | (ബി) | പുന:സംഘടിപ്പിച്ചിട്ടുണ്ട്. |
| (സി) | വികസന സമിതികളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്; | (സി) | സംസ്ഥാനത്തെ ആശുപത്രികളിൽ ആശുപത്രി വികസന സമിതികൾ സർക്കാർ നിർദ്ദേശ പ്രകാരം, ജനപ്രതിനിധികൾ, രാഷ്ട്രീയപാർട്ടി പ്രതിനിധികൾ, സന്നദ്ധ സേവകർ, സർക്കാർ ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി ജില്ല കളക്ടറുടെ അദ്ധ്യക്ഷതയിൽ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതി മൂന്നു മാസത്തിലൊരിക്കൽ കൂടി വികസന സമിതികളുടെ പ്രവർത്തനം നിരീക്ഷിക്കുന്നുണ്ട്. നിലവിലുള്ള സർക്കാർ സംവിധാനങ്ങളുടെ സഹായത്തോടെ ആശുപത്രി വികസന സമിതികളുടെ വരവ്-ചെലവ് കണക്കുകൾ സർക്കാർ ഓഡിറ്റ് ചെയ്യുന്നുണ്ട്. |
| (ഡി) | വികസന സമിതികൾക്ക് സർക്കാർ നൽകുന്ന ധനസഹായം സംബന്ധിച്ച് വിശദാംശം നൽകുമോ; ഇത് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; | (ഡി) | നിലവിൽ ആശുപത്രി വികസന സമിതികൾക്ക് സർക്കാർ നേരിട്ട് ധനസഹായം ലഭ്യമാക്കുന്നില്ല. എന്നാൽ ആശുപത്രി നിർവഹണ സമിതികൾക്ക് എൻ.ആർ.എച്ച്.എം.മുഖേന ധനസഹായം നൽകുന്നുണ്ട്. ഇത് വർദ്ധിപ്പിക്കുന്ന കാര്യം ആലോചിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 518

25.3.2010-ൽ മറുപടിക്ക്

**കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻറ് ഫാർമസ്യൂട്ടിക്കൽസ് പുനരുജ്ജീവിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ**

**ചോദ്യം**

ശ്രീ.രാജു എബ്രഹാം
ശ്രീ.എ.എം.ആരിഫ്
ശ്രീ.ബി.രാഘവൻ
ശ്രീ.സി.എം.ദിനേശ്മണി

(എ) കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻറ് ഫാർമസ്യൂട്ടിക്കൽസ് പുനരുജ്ജീവിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഫാർമസ്യൂട്ടിക്കൽസിൻെറ നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ടോ;

(സി) ഇവിടെ ഇപ്പോൾ പൂർണ്ണതോതിൽ ഉൽപ്പാദനം നടക്കുന്നുണ്ടോ;

(ഡി) കമ്പനിയിൽ ഇപ്പോൾ ഉൽപ്പാദിപ്പിക്കുന്ന മരുന്നുകൾ പൂർണ്ണമായും മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വാങ്ങുന്നുണ്ടോ;

(ഇ) കമ്പനിയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; കമ്പനിയുടെ ഇപ്പോഴത്തെ സാമ്പത്തിക നില വ്യക്തമാക്കുമോ?

**ഉത്തരം**

ശ്രീ.എളമരം കരീം
(വ്യവസായ വകുപ്പ് മന്ത്രി)

(എ) വ്യവസായ വകുപ്പിൻെറ അധീനതയിലുള്ള ആലപ്പുഴയിലെ കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻറ് ഫാർമസ്യൂട്ടിക്കൽസ് പുനരുജ്ജീവിപ്പിക്കുന്നതിനായി 38.87 കോടി രൂപയുടെ ഒരു വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഈ പദ്ധതി 3 ഘട്ടങ്ങളിലായി നടപ്പിലാക്കുവാനാണ് തീരുമാനിച്ചിരിക്കുന്നത്. ഇതിൻെറ ഒന്നാം ഘട്ട പ്രവർത്തനങ്ങൾക്കാവശ്യമായ 7 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്.

(ബി) കമ്പനിയുടെ നവീകരണത്തിൻെറ ഒന്നാംഘട്ട പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

(സി) ലഭ്യമായ ഓർഡറുകൾ നിറവേറ്റുന്നതിലേക്കായി പൂർണ്ണതോതിൽ ഉല്പാദനം നടക്കുന്നുണ്ട്.

(ഡി) ഉണ്ട്. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നൽകുന്ന ഓർഡറുകൾക്കനുസരിച്ചാണ് ഉല്പാദനം ക്രമീകരിച്ചിരിക്കുന്നത്.

(ഇ) കമ്പനിയുടെ നവീകരണത്തിൻെറ ഒന്നാം ഘട്ട പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കമ്പനിയുടെ വിറ്റുവരവിലും നഷ്ടം കുറച്ചുകൊണ്ടുവരുന്നതിലുമുണ്ടായിട്ടുള്ള പുരോഗതിയുടെ വിവരം ചുവടെ ചേർക്കുന്നു.

Rs. in Lakh

| | Turnover | Net Loss |
|---|---|---|
| 2005 -06 | 27.84 | 664.23 |
| 2006 -07 | 340.68 | 596.93 |
| 2007 -08 | 890.37 | 218.95 |
| 2008 -09 | 1,252.38 | 163.37 |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 519 * — 25.03.2010-ൽ മറുപടിക്ക്

## കൊച്ചി ഹഡ്കോ ശുദ്ധജല വിതരണ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.എം. മോനായി<br>ശ്രീ. അൽഫോൺസ് കണ്ണന്താനം<br>ശ്രീ. എം.കെ. പുരുഷോത്തമൻ<br>ശ്രീ. സാജു പോൾ | ശ്രീ.എൻ.കെ.പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | കൊച്ചി ഹഡ്കോ ശുദ്ധജല വിതരണ പദ്ധതി പൂർത്തിയായിട്ടുണ്ടോ; പദ്ധതിയുടെ പ്രയോജനം എത്രപേർക്ക് ലഭിച്ചുവെന്ന് വെളിപ്പെടുത്തുമോ; | (എ) | പദ്ധതി 5.10.2007-ൽ പൂർത്തിയാക്കിയിട്ടുണ്ട്. 8 ലക്ഷം പേർക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്. |
| (ബി) | കൊച്ചി നഗരത്തിലേക്കുള്ള ശുദ്ധജല വിതരണ പദ്ധതി നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (ബി) | കൊച്ചി കോർപ്പറേഷൻ പരിധിയിലെ തേവര കൂടാതെ മരട്, കുമ്പളങ്ങി, ചെല്ലാനം എന്നീ പഞ്ചായത്തുകളിലേക്കായി ജെൻറം പദ്ധതിയിലുൾപ്പെടുന്ന കൊച്ചി ശുദ്ധജലവിതരണ പദ്ധതി ത്വരിതഗതിയിൽ നടന്നു വരുന്നു.<br>കൊച്ചി നഗരത്തിലെ തെക്കും പടിഞ്ഞാറും മേഖലകളിലെ ജല വിതരണം മെച്ചപ്പെടുത്തുന്നതിനു വേണ്ടിയുള്ള പദ്ധതിക്ക് 2008-09 ബഡ്ജറ്റിൽ 400 ലക്ഷം രൂപയ്ക്ക് അനുമതി ലഭിച്ചു. |
| (സി) | പദ്ധതിക്കായി എത്ര കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്; | (സി) | ജെൻറം പദ്ധതിക്ക് 201.17 കോടി രൂപയും. കൊച്ചി നഗരത്തിലെ തെക്കും പടിഞ്ഞാറും മേഖലകളിലേക്കുള്ള ജല വിതരണം മെച്ചപ്പെടുത്തുന്ന പദ്ധതിക്ക് 4 കോടി രൂപയും ചെലവ് പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | ഏതെല്ലാം പാക്കേജുകൾക്ക് ദർഘാസ് ക്ഷണിച്ച് അംഗീകാരം നൽകിയിട്ടുണ്ട്; | (ഡി) | 6 പാക്കേജുകളായ പാഴൂരിലെ ഇൻടേക്ക് വെൽ കം പമ്പ് ഹൗസ് നിർമ്മാണം, ആരക്കുന്നത്തെ 43 ലക്ഷം ലിറ്റർ ശേഷിയുള്ള റോ വാട്ടർ ജല സംഭരണിയുടെ നിർമ്മാണം, പാഴൂർ പമ്പ് ഹൗസിൽ നിന്നും ആരക്കുന്നം ജല സംഭരണിയിലേക്കുള്ള 5210 മീറ്റർ നീളത്തിൽ 1219 എം.എം. വ്യാസമുള്ള റോവാട്ടർ പമ്പിംഗ് മെയിൻ, ആരക്കുന്നം മുതൽ നെട്ടൂർ വരെയുള്ള 12.526 മീറ്റർ നീളത്തിൽ 118 എം.എം. വ്യാസമുള്ള റോവാട്ടർ ഗ്രാവിറ്റി മെയിൻ, നെട്ടൂരിലെ 100 ദശലക്ഷം ലിറ്റർ ശേഷിയുള്ള ശുദ്ധീകരണശാലയുടെ നിർമ്മാണം, 350 എം.എം. മുതൽ 800 എം.എം. വരെയുള്ള ഡി.ഐ. ജലവിതരണ പൈപ്പ് സ്ഥാപിക്കൽ എന്നിവയുടെ ദർഘാസ് ക്ഷണിച്ച് അംഗീകാരം നൽകിയിട്ടുണ്ട്. ബാക്കിയുള്ള 6 പാക്കേജുകളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു വരുന്നു.<br>കൊച്ചി നഗരത്തിലെ തെക്കും പടിഞ്ഞാറും മേഖലകളിലെ ശുദ്ധജല വിതരണം മെച്ചപ്പെടുത്തുന്നതിനു വേണ്ടിയുള്ള പദ്ധതിയുടെ കടവന്ത്ര ഒ.എച്ച്. ടാങ്ക് മുതൽ സൗത്ത് പനമ്പള്ളി നഗർ വരെയുള്ള 500 എം.എം. പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി. എളംകുളം പമ്പ് ഹൗസ് മുതൽ കടവന്ത്ര ഒ.എച്ച്. ടാങ്കു വരെ 450 എം.എം. കാസ്റ്റ് അയൺ പൈപ്പ് സ്ഥാപിക്കൽ, കാരണക്കോടം മുതൽ ചെമ്മാത്ത് റോഡു വരെ റെയിൽവേ ക്രോസിങ്ങ് ഉൾപ്പെടെ 1200 എം.എം. പൈപ്പ് സ്ഥാപിക്കൽ എന്നീ പ്രവൃത്തികളുടെ ടെണ്ടർ പരിശോധനയിലാണ്. |

| | | | |
|---|---|---|---|
| (ഇ) | ഇവയുടെ പ്രവർത്തനം ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ; | (ഇ) | എല്ലാ ഘടകങ്ങളുടേയും ജോലികൾ പൂർത്തീകരിച്ച് 2012 ഡിസംബർ മാസത്തോടെ പദ്ധതി കമ്മീഷൻ ചെയ്യത്തക്ക വിധം പണികൾ പുരോഗമിക്കുന്നുണ്ട്. |
| (എഫ്) | കൊച്ചി നഗരത്തിനായുള്ള മലിനജല നിർമ്മാർജ്ജന പദ്ധതി നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടിയുടെ പുരോഗതി വ്യക്തമാക്കുമോ ? | (എഫ്) | കോർപ്പറേഷൻ പരിധിയിൽ വരുന്ന 43, 49, 50, 51, 54, 56 എന്നീ വാർഡുകൾക്ക് കേന്ദ്ര ഗവൺമെന്റ് ധനസഹായത്തോടെ മലിനജല നിർമ്മാർജ്ജന പദ്ധതി നടപ്പാക്കുന്നതിന് 74.81 കോടി രൂപയ്ക്ക് അനുമതി ലഭിച്ചിരുന്നുവെങ്കിലും പുതുക്കിയ ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരം മതിപ്പു തുകയായ 117.89 കോടി രൂപയ്ക്ക് കേന്ദ്ര സർക്കാരിൽ നിന്ന് അനുമതി ലഭിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരളനിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 520 25.03.2010 ൽ മറുപടിയ്ക്ക്

### ആയുർവ്വേദ ഡ്രഗ്സ്കൺട്രോൾ വിഭാഗം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്<br>ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീ.എം.ജെ.ജേക്കബ്ബ്<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>ശ്രീ.എ.എം.യൂസഫ് | ശ്രീമതി.പി.കെ.ശ്രീമതിടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| (എ) ആയുർവേദ മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് പ്രത്യേക ഡ്രഗ്സ് കൺട്രോൾ വിഭാഗം രൂപീകരിച്ചിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) എങ്കിൽ ഈ വിഭാഗം ഈ വർഷം നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (ബി) ആയുർവേദ ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) ഗുണനിലവാരമില്ലാത്തതിന്റെ പേരിൽ ഏതെങ്കിലും മരുന്നു നിർമ്മാതാക്കൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) ഉണ്ട് |
| (ഡി) ഈ വർഷം എത്ര സാമ്പിളുകൾ പരിശോധിച്ചു; ഇതിനായി നിലവിലുള്ള ലബോറട്ടറി സൗകര്യം തൃപ്തികരമാണോ; | (ഡി) ഈ വർഷം 24 റഗുലർ സാമ്പിളുകളും 12 സർവ്വേ സാമ്പിളുകളും പരിശോധിച്ചിട്ടുണ്ട്. ഇതിനായുള്ള സംവിധാനം തൃപ്തികരമാണ്. |
| (ഇ ) മാധ്യമങ്ങളിൽ പരസ്യം വരുന്ന പുതിയ ആയുർവേദ മരുന്നുകളുടെ ഫലസിദ്ധിയും ഗുണനിലവാരവും സംബന്ധിച്ച് പരിശോധന നടത്താൻ നടപടിസ്വീകരിക്കുമോ? | (ഇ) ഇതുസംബന്ധിച്ച് പരാതി ലഭിക്കുന്നതനുസരിച്ച് പരിശോധന നടത്താറുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

1. ആയുർവേദ ഡ്രഗ്സ് കൺട്രോൾ വിഭാഗം രൂപീകരിച്ചത് വഴി ഫയലുകളിൽ വളരെ പെട്ടന്ന് നടപടി എടുക്കുന്നതിനും അതുവഴി പരാതികൾ ഒഴിവാക്കുന്നതിനും കഴിഞ്ഞു.

2. മാസംതോറും നടത്താറുള്ള ഇൻസ്പെക്ടർമാരുടെ മീറ്റിംഗിലൂടെ പരിശോധനയുടെ നിലവാരം ഉയർത്താനും അതുവഴി ഔഷധ നിർമ്മാതാക്കളിൽ ശാസ്ത്രീയമായ അവബോധം സൃഷ്ടിക്കാനും കഴിഞ്ഞു.

3. കാലാകാലങ്ങളിൽ ഔഷധ നിർമ്മാണ നിയമങ്ങളിലും ചട്ടങ്ങളിലും ഭേദഗതികൾ കാലതാമസമില്ലാതെ പ്രാവർത്തികമാക്കുന്നു എന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞു.

4. കേന്ദ്ര പദ്ധതിപ്രകാരമുള്ള ധനസഹായം പരമാവധി ഉപയോഗിച്ച് പരാതികളിലും പരിശോധനകളിലും ഉള്ള നടപടികളിൽ ഗണ്യമായ പുരോഗതി കൈവരിക്കുവാനും കഴിഞ്ഞു.

5. കമ്പ്യൂട്ടർവത്ക്കരണം വഴി ലൈസൻസ് സംബന്ധമായ വിവരങ്ങൾ ഡോക്യുമെന്റ് ചെയ്യാൻ കഴിഞ്ഞു.

6. മാസംതോറും നടത്താറുള്ള എക്സ്പേർട്ട് കമ്മിറ്റി യോഗത്തിൽ വച്ച് കർശനമായ വിലയിരുത്തൽ നടത്തി ശാസ്ത്രീയമായ ഔഷധ നിർമ്മാണരീതിയുടെ ആധികാരികത ഉറപ്പുവരുത്തി.

7. മുൻകാലങ്ങളിൽ നൽകിയതിലേറെ ലൈസൻസുകൾ അനുവദിക്കുവാൻ കഴിഞ്ഞു.

8. അശാസ്ത്രീയമായ ഔഷധ നിർമ്മാണ രീതികൾക്കെതിരെയും വൈദ്യശാസ്ത്ര സദാചാരവിരുദ്ധമായ പരസ്യങ്ങൾക്കെതിരെയും കൂടുതൽ നിയമ നടപടികൾ കൈക്കൊള്ളുവാൻ കഴിഞ്ഞു.

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 521 : 25/03/2010-ൽ മറുപടിക്ക്**

**ചെറുകിട-പീഡിത വ്യവസായങ്ങളുടെ ഉന്നമനത്തിന് കർമ്മ പദ്ധതികൾ**

ചോദ്യം ഉത്തരം

ശ്രീ. ജോസഫ് എം. പുതുശ്ശേരി
ശ്രീ. റോഷി അഗസ്റ്റിൻ
ശ്രീ. തോമസ് ചാഴികാടൻ

ശ്രീ. എളമരം കരീം
(വ്യവസായ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ചെറുകിട-പീഡിത വ്യവസായ സംരംഭകർക്ക് സർക്കാർ എന്തൊക്കെ സഹായങ്ങളാണ് ലഭ്യമാക്കുന്നത്; | (എ) | സംസ്ഥാനത്തെ ചെറുകിട -പീഡിത വ്യവസായ സംരംഭകർക്ക് സർക്കാർ താഴെപ്പറയുന്ന സഹായങ്ങൾ നൽകുന്നുണ്ട്.<br>1. പുനരധിവാസ പ്രോജക്ട് റിപ്പോർട്ട് പ്രകാരം ധനകാര്യ സ്ഥാപനങ്ങൾ മാർജിൻമണിയായി ആവശ്യപ്പെടുന്ന തുകയുടെ 50% പരമാവധി രണ്ട് ലക്ഷം രൂപ.<br>2. റിവൈവൽ റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള ചെലവിന്റെ 50% പരമാവധി 10,000/- രൂപ.<br>3. ടെക്നിക്കൽ കൺസൾട്ടൻസി-ചെലവായ |

| | | | | |
|---|---|---|---|---|
| | | | | തുകയുടെ 50% പരമാവധി 50,000/- രൂപ.<br>4. റവന്യൂ റിക്കവറി നടപടികൾ ഒരു വർഷത്തേക്ക് അല്ലെങ്കിൽ പുനരധിവാസ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതുവരെ ഏതാണോ ആദ്യം സംഭവിക്കുന്നത് അതുവരെ സ്റ്റേ ചെയ്യുന്നു.<br>5. സ്റ്റാർട്ട് അപ് എക്സ്പെൻസ് താഴെപറയുന്ന കാര്യങ്ങൾക്ക് ചെലവാകുന്ന തുകയുടെ 75% ലോണായി നൽകുന്നതാണ്.<br>a. യന്ത്രോപകരണങ്ങളുടെ അറ്റകുറ്റപണികൾ.<br>b. പുനരധിവാസത്തിന് അത്യാവശ്യമുള്ള ഉപകരണങ്ങൾ വാങ്ങിക്കുന്നതിന്<br>c. വൈദ്യുതി, സെയിൽടാക്സ് കുടിശ്ശിക തുടങ്ങിയവ തീർക്കുന്നതിന്.<br>d. അത്യാവശ്യമുള്ള ഗുണമേന്മ പരിശോധന ഉപകരണങ്ങൾ വാങ്ങുന്നതിന്<br>e. നിലവിലുള്ള ലോണുകൾ ഒറ്റത്തവണയായി തീർക്കുന്നതിന്. |

| | | | |
|---|---|---|---|
| | | | 6. സെയിൽസ് ടാക്സ് കുടിശ്ശിക ഒഴികെ മറ്റു കുടിശ്ശികകൾ പുനക്രമീകരിക്കുകയും 5 വർഷത്തേക്ക് അധിക കാലാവധി നല്കുകയും ചെയ്യുന്നു.<br>7. മാർജിൻ മണി ലോണിന്റെ പലിശയിലും പിഴപ്പലിശയിലും ഇളവുകളും നൽകുന്നുണ്ട്. |
| (ബി) | വ്യവസായ വകുപ്പ്, മേൽ വിഭാഗത്തിന്റെ ഉന്നമനത്തിനും, പ്രവർത്തന വ്യാപനത്തിനുമായി കർമ്മ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; | (ബി) | 2008-2009 സാമ്പത്തിക വർഷം പീഡിത-വ്യവസായ പുനരുദ്ധാരണ വർഷമായി സർക്കാർ പ്രഖ്യാപിക്കുകയും പരമാവധി വ്യവസായ സംരംഭങ്ങൾ പുനരുദ്ധരിക്കുന്നതിന് ശ്രമിക്കുകയും ചെയ്തു. ഇതിന്റെ ഫലമായി 355 ചെറുകിട വ്യവസായ സംരംഭങ്ങൾ 2008-09 വർഷത്തിൽ പുനരുദ്ധരിക്കാൻ വകുപ്പ് ധനസഹായം നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷവും പരമാവധി വ്യവസായ സ്ഥാപനങ്ങൾ പുനരുദ്ധരിക്കുന്നതിന് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. ഇതിന്റെ ഫലമായി 192 പീഡിത വ്യവസായ സംരംഭങ്ങൾ ഈ വർഷം ഇതുവരെ പുനരുദ്ധരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ മാസവും ഇത് അവലോകനം ചെയ്യുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്തെ ടെക്സ്റ്റൈൽ മില്ലുകളുടെ പ്രവർത്തന മാന്ദ്യത്തിനുള്ള കാരണങ്ങൾ എന്തൊക്കെ; ഇവ പരിഹരിക്കുവാനും നിർജ്ജീവ മായതിനെ പുനരുദ്ധരിക്കുവാനും സമയബന്ധിത പദ്ധതികൾക്കു രൂപം കൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ? | (സി) | കേരളത്തിലെ ടെക്സ്റ്റൈൽ മില്ലുകൾ കാലോചിതമായി നവീകരിക്കാത്തതുമൂലം പ്രവർത്തനശേഷി മുഴുവൻ വിനിയോഗിക്കാൻ സാധിക്കാത്ത നിലയിലാണ്. കൂടാതെ ന്യായവിലയ്ക്ക് പഞ്ഞി ലഭ്യമാകാത്തതും ജീവനക്കാർ ഷിഫ്ടു ജോലികൾക്ക് മുടങ്ങാതെ വരാത്തതും മില്ലുകളുടെ പ്രവർത്തന ശേഷി വിനിയോഗത്തെ ബാധിക്കുന്നു.<br>ടെക്സ്റ്റയിൽ മില്ലുകൾ പുനരുദ്ധരിക്കുന്നതിന് സർക്കാർ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.<br>1. സഹകരണ സ്പിന്നിംഗ് മില്ലുകൾ നവീകരിക്കുന്നതിന് 120 കോടി രൂപയുടെ ഒരു ബൃഹത് പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. മലപ്പുറം സഹകരണ സ്പിന്നിംഗ് മില്ലും, കണ്ണൂർ സഹകരണ സ്പിന്നിംഗ് മില്ലും നവീകരിക്കുന്നതിന് 26.40 കോടി രൂപയുടെ പദ്ധതി എൻ.സി.ഡി.സി. അംഗീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 2009-10 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 3 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ബാക്കി ആവശ്യമായ തുകയായ 837 ലക്ഷം രൂപ 2010-11-ലെ ബഡ്ജറ്റിലും ഉൾപ്പെടുത്തിയിട്ടുണ്ട്.<br>2. മില്ലുകൾക്ക് ആവശ്യമായ പഞ്ഞി കുറഞ്ഞ വിലയ്ക്ക് |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കുന്നതിന് കോട്ടൺ റോ മെറ്റീരിയൽ ബാങ്ക് പ്രവർത്തിക്കുന്നുണ്ട്.<br>3. മില്ലിന്റെ കപ്പാസിറ്റി യൂട്ടിലൈസേഷൻ വർദ്ധിപ്പിച്ച് മിൽ ലാഭകരമാക്കുന്നതിലേയ്ക്കായി തൊഴിലാളികളുടെ ശമ്പള വർദ്ധനവിനുള്ള ദീർഘകാല കരാറിന്റെ കാലാവധി കഴിഞ്ഞ മില്ലുകളിൽ ഇടക്കാലാശ്വാസമായി 400 രൂപയും ഹാജർ നില വർദ്ധിപ്പിക്കുവാൻ ഇൻസെന്റീവ് 350 രൂപയും നൽകി വരുന്നു.<br>4. കേരള സ്റ്റേറ്റ് ടെക്സ്റ്റയിൽസ് കോർപ്പറേഷന്റെ കീഴിലുള്ള മില്ലുകൾ നവീകരിക്കാൻ 24.09 കോടി രൂപയുടെ സമഗ്രമായ ഒരു നവീകരണ പദ്ധതി നടപ്പാക്കി വരുന്നു. ഇതിന്റെ ഭാഗമായി താഴെപ്പറയുന്ന മില്ലുകൾക്ക് തുക അനുവദിച്ചിട്ടുണ്ട്. |

| യൂണിറ്റ് | നവീകരണ പദ്ധതി പ്രകാരമുള്ള തുക |
|---|---|
| കോട്ടയം ടെക്സ്റ്റൈൽസ് | 355.52 ലക്ഷം രൂപ |
| പ്രഭുറാം മിൽസ് | 447.26 ലക്ഷം രൂപ |
| എടരിക്കോട് ടെക്സ്റ്റൈൽസ് | 237.60 ലക്ഷം രൂപ |
| മലബാർ സ്പിന്നിംഗ് & വീവിംഗ് മിൽസ് | 1369.28 ലക്ഷം രൂപ |

| | | | |
|---|---|---|---|
| | | | 5 ടെക്സ്റ്റൈൽ മേഖല നവീകരിക്കേണ്ടതിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഈ വർഷത്തെ (2010-11) ബഡ്ജറ്റിൽ താഴെ ചേർത്തിരിക്കുന്ന പദ്ധതികൾക്കായി തുക മാറ്റി വച്ചിട്ടുണ്ട്.<br>1. Komalapuram Hi-Tech *Spinning and Weaving* (36 Crore)<br>(പഴയ മില്ലിന്റെ പുനരുദ്ധാരണം)<br>2. Kannur High Tech Weaving *Factory (20 Crore)*<br>*(പുതിയ മിൽ)*<br>3. New Textile Mill-Kasaragod (16 Crore)<br>4. Doubling the capacity of *Thiruvananthapuram Spinning* Mill (5 Crore)<br>5. Doubling the capacity of Malabar Spinning & Weaving Mill (15 Crore) |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നംപർ 522 *

25.03.2010 ൽ മറുപടിക്ക്

## ജിക്ക സഹായത്തോടെ നടപ്പാക്കുന്ന കുടിവെള്ള പദ്ധതികൾ

ചോദ്യം

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ
ശ്രീ. എൻ. രാജൻ
ശ്രീ. പി. തിലോത്തമൻ
ശ്രീ. വി.എസ്. സുനിൽ കുമാർ
ശ്രീമതി. ഇ.എസ്. ബിജി മോൾ

മറുപടി

ശ്രീ. എൻ.കെ പ്രേമചന്ദ്രൻ
(ജലവിഭവ വകുപ്പ് മന്ത്രി)

(എ) ജിക്ക സഹായത്തോടെ നടപ്പാക്കുന്ന കേരളത്തിലെ അഞ്ച് കുടിവെള്ള പദ്ധതികളുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ ;

(എ) ജിക്ക സഹായത്തോടെ നടപ്പാക്കുന്ന കേരളത്തിലെ അഞ്ച് കുടിവെള്ള പദ്ധതികളുടെ നിർമ്മാണ പുരോഗതി ചുവടെ ചേർക്കുന്നു.

| പദ്ധതി | പുരോഗതി |
|---|---|
| തിരുവനന്തപുരം | 72.13% |
| മീനാട് | 74.83% |
| ചേർത്തല | 72.83% |
| കോഴിക്കോട് | 55.01% |
| പട്ടുവം | 67.49% |

(ബി) ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ട്.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇത്തരത്തിലുള്ള ശുദ്ധജലവിതരണ പദ്ധതികൾ ഏറ്റെടുത്ത് ഫലപ്രദമായി നടത്തുന്നില്ലെങ്കിൽ പകരം എന്തെങ്കിലും സംവിധാനങ്ങൾ പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ?

(സി) പദ്ധതികൾ കുററമററ രീതിയിൽ നടത്തുന്നതിനും സാധാരണ ജനങ്ങൾക്ക് കുടിവെള്ള ദൗർലഭ്യം അനുഭവപ്പെടുന്നത് ഒഴിവാക്കുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. : 523

25.03.2010 - ൽ മറുപടിയ്ക്ക്

## ജലസേചന പദ്ധതികളുടെ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കെ.പി.പത്മനാഭൻ<br>ശ്രീ.സാജു പോൾ<br>ശ്രീ.കെ.സി.രാജഗോപാലൻ<br>ശ്രീ.വി.ജെ.തങ്കപ്പൻ<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ | ശ്രീ. എൻ.കെ.പ്രേമചന്ദ്രൻ<br>(ബഹു: ജലവിഭവ വകുപ്പുമന്ത്രി) |
| എ) മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി ജലസേചന വകുപ്പിൽ ഏതെല്ലാം പദ്ധതികൾക്ക് ഭരണാനുമതി നൽകിയെന്ന് വിശദമാക്കുമോ ; | എ) 2009-10 ലെ ബജറ്റ് പ്രഖ്യാപനത്തിൽ ഉൾപ്പെട്ട കേരള വാട്ടർ അതോറിറ്റിയുടെ താഴെപ്പറയുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകുകയുണ്ടായി.<br>1) നിർമ്മാണത്തിലിരിക്കുന്ന നഗര ശുദ്ധജലവിതരണ പദ്ധതികളുടെ പൂർത്തീകരണം - 138.81 കോടി രൂപ.<br>2) നിലവിലുള്ള 6 ശുദ്ധജലവിതരണ പദ്ധതികളുടെ പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കൽ - 168.86 കോടി രൂപ.<br>3) നിലവിലുള്ള ജലശുദ്ധീകരണ ശാലകളുടെ പുനരുദ്ധാരണം - 10.4664 കോടി രൂപ ബജറ്റിൽ പ്രഖ്യാപിച്ച മേൽപ്പറഞ്ഞ പദ്ധതികൾ കൂടാതെ, പുതിയ മൂലധനപദ്ധതിയിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന രണ്ട് ശുദ്ധജലവിതരണ പദ്ധതികൾക്ക് കൂടി സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.<br>4) പാറശ്ശാലയ്ക്കും സമീപപ്രദേശങ്ങൾക്കും മറുകിൽ മാറനല്ലൂർ വില്ലേജുകൾക്കും വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി - 136.40 കോടി രൂപ.<br>5) കുമരകം തിരുവാർപ്പ് ശുദ്ധജലവിതരണ പദ്ധതിയുടെ വിപുലീകരണം - 24.05 കോടി രൂപ.<br>ചീഫ് എൻജിനീയർ (ഐ&എ)യുടെ കീഴിൽ മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി 510.998 കോടി രൂപയുടെ ഭരണാനുമതി നൽകി. പ്രസ്തുത പദ്ധതികൾ താഴെപ്പറയുന്നവയാണ്.<br>1) വടക്കൻ ജില്ലകളിലെ ലിഫ്റ്റ് ഇറിഗേഷന്റെ നവീകരണത്തിന് 52.76 കോടി രൂപ. |

2) വടക്കൻ ജില്ലകളിലെ റെഗുലേറ്റർ ചെക്ക് ഡാം. വെന്റഡ് ക്രോസ്ബാർ എന്നിവയുടെ റിപ്പയറിംഗിനും നിർമ്മാണത്തിനും 127.33 കോടി രൂപ
3) കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ടിന്റെ നവീകരണത്തിനും പുനരുദ്ധാരണത്തിനും 20 കോടി രൂപ.
4) എറണാകുളം ജില്ലയിലെ നിലവിലുള്ള ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ പുനരുദ്ധാരണത്തിന് 35.84 കോടി രൂപ
5) തെക്കൻ ജില്ലയിലെ ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ പുതുക്കിപ്പണിയ്ക്ക് 15.44 കോടി രൂപ.
6) കുട്ടനാട്ടിലെ സി.ഡി.ബ്ലോക്ക്, റാണി 'ചിത്തിര' എന്നീ പാടശേഖരങ്ങളിലെ വെള്ളപ്പൊക്ക നിയന്ത്രണത്തിനായി 46.80 കോടി രൂപ.
7) കൊത്തുവാരക്കടവിൽ (കാട്ടചിറ) കരിയാർ പുഴയ്ക്ക് കുറുകെ ഒരു റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിന് 24.028 കോടി രൂപ.
8) പെരിയാറിൽ പുറപ്പള്ളിക്കാവിൽ ഒരു റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിന് 41.00 കോടി രൂപ.
9) ഈസ്റ്റ് കല്ലട പഞ്ചായത്തിൽ ചിറ്റുമലചിറ പ്രോജക്ട് നിർമ്മിക്കുന്നതിന് 16.60 കോടി രൂപ.
10) മീനച്ചിൽ പുഴയ്ക്ക് കുറുകെ കളരിക്കൽ കടവിൽ ഒരു ചെക്ക് ഡാം നിർമ്മിക്കാൻ 3.60 കോടി രൂപ.
11) ആലപ്പുഴ ചങ്ങനാശ്ശേരി കനാലിന്റെ നിർമ്മാണത്തിനായി 104 കോടി രൂപ.

ആകെ 487.198 കോടി രൂപ

| | |
|---|---|
| ബി) ലിഫ്റ്റ് ഇറിഗേഷൻ പ്രോജക്ടുകളുടെ പുനരുദ്ധാരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | ബി) ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പുനരുദ്ധാരണത്തിനായി സംസ്ഥാനത്താകെ 418 സ്കീമുകൾക്കായി 104.04 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയവയുടെ വിശദാംശം താഴെപറയും പ്രകാരമാണ്. |

1) തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ഏഴ് ജില്ലകൾക്ക് 209 പദ്ധതികളിലായി 52.76 കോടി രൂപ.
2) എറണാകുളം ജില്ലയിലെ 127 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പുനരുദ്ധാരണത്തിനായി 35.84 കോടി രൂപ.
3) തെക്കൻ ജില്ലകളിലെ 82 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പുനരുദ്ധാരണത്തിനായി 15.44 കോടി രൂപ.

എന്നീ ക്രമത്തിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പുനരുദ്ധാരണത്തിനായി 104.84 കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി നൽകുകയുണ്ടായി.

മൊത്തം 418 സ്കീമിന്റെ ഇലക്ട്രിക്കൽ, മെക്കാനിക്കൽ, സിവിൽ എന്നീ വിഭാഗങ്ങളിലെ എസ്റ്റിമേറ്റുകൾ ചേർത്ത് സാങ്കേതികാനുമതി കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുതുടങ്ങി. 263 സ്കീമുകൾക്ക് സാങ്കേതികാനുമതി നൽകികഴിഞ്ഞു. ടെൻഡർ നടപടികളും തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്.

| | |
|---|---|
| സി) കുറ്റ്യാടി ജലസേചന പദ്ധതിയുടെ വികസനത്തിനായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം നൽകുമോ ; | സി) 2009-10 സാമ്പത്തിക വർഷത്തിലെയ്ക്ക് കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ടിന്റെ കനാലുകളും മറ്റും പുനരുദ്ധരിക്കുന്നതിന് 60 കോടി രൂപയുടെ പദ്ധതി വിഭാവനം ചെയ്തതിൽ 124 പ്രവർത്തികൾക്കായി ആദ്യഗഡുവായ 20 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| ഡി) പദ്ധതിയിൽ ഉൾപ്പെടുത്തി കുടിവെള്ള പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ ? | ഡി) കുറ്റ്യാടി ജലസേചന പദ്ധതിയുടെ ഭാഗമായ പെരുവണ്ണാമുഴി ഡാമിൽ നിന്നും താഴെപറയുന്ന രണ്ട് കുടിവെള്ള പദ്ധതികൾക്ക് ജലമെടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.<br>1) ജെ.ഐ.സി.എ(ജിക്ക) യുടെ സഹകരണത്തോടെ നടപ്പാക്കുന്ന കോഴിക്കോട് നഗരത്തിനും 16 സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി.<br>2) കൊയിലാണ്ടിയ്ക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള ശുദ്ധജലപദ്ധതി. |

സെക്ഷൻ ഓഫീസർ

<u>പന്ത്രണ്ടാം കേരള നിയമസഭ</u>
<u>പതിനാലാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 524 — 25.3.2010 -ൽ മറുപടിക്ക്

<u>കേരള ഹെൽത്ത് റിസർച്ച് ആന്റ് വെൽഫെയർ സൊസൈറ്റിയുടെ പ്രവർത്തനം</u>

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.സി.മൊയ്തീൻ:<br>ശ്രീമതി. ജെ.അരുന്ധതി:<br>ശ്രീ. വി.ചെന്താമരാക്ഷൻ:<br>" എം.ജെ.ജേക്കബ്:<br>" കെ.വി.കുഞ്ഞിരാമൻ: | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) കേരള ഹെൽത്ത് റിസർച്ച് ആന്റ് വെൽഫെയർ സൊസൈറ്റിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) ഉണ്ട്. ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രികൾ, സർക്കാർ ആശുപത്രികൾ എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനവും രോഗികളുടെ ക്ഷേമവും ലക്ഷ്യമിട്ടാണ് കേരള ഹെൽത്ത് റിസർച്ച് ആന്റ് വെൽഫെയർ സൊസൈറ്റി രൂപീകരിച്ചത്. പേവാർഡുകൾ നിർമ്മിച്ചു രോഗികൾക്ക് ലഭ്യമാക്കുക എന്നതാണ് കേരള ഹെൽത്ത് റിസർച്ച് ആന്റ് വെൽഫെയർ സൊസൈറ്റി ഏറ്റെടുത്ത പ്രധാന പ്രവർത്തനം. സംസ്ഥാനത്തെ വിവിധ ആശുപത്രികളോടനുബന്ധിച്ച് സർക്കാർ ലഭ്യമാക്കിയിട്ടുള്ള സ്ഥലത്ത് സൊസൈറ്റി സ്വന്തമായി പേവാർഡുകൾ നിർമ്മിച്ചിട്ടുണ്ട്. നിലവിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന 71 പേവാർഡുകളുടെ ലിസ്റ്റ് അനുബന്ധമായി I-ൽ ചേർക്കുന്നു. വിവിധ സർക്കാർ ആശുപത്രികളോടനുബന്ധിച്ചു ലാഭകരമല്ലാത്ത 13 പേവാർഡുകൾ ആരോഗ്യ വകുപ്പിന് കൈമാറുന്നതിന് 27.1.2010-ലെ സർക്കാർ ഉത്തരവ് (എം എസ്) നം. 32/2010/ആ.കു.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തിരുവനന്തപുരം, കോഴിക്കോട്, കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രികളോടനുബന്ധിച്ചും പയ്യന്നൂർ താലൂക്കാശുപത്രിയോടനുബന്ധിച്ചുമുള്ള സൊസൈറ്റിയുടെ ACR ലാബുകൾ വഴി വിവിധയിനം പരിശോധനകൾ കുറഞ്ഞ നിരക്കിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. തിരുവനന്തപുരം കോഴിക്കോട്, മെഡിക്കൽ കോളേജ് ആശുപത്രികളിലെ കാത്ത് ലാബിലൂടെ ഹൃദയ സംബന്ധമായ ചികിത്സയും USS, വീഡിയോ എൻഡോസ്കോപ്പി, എക്കോ, ടി.എം.ടി. ചികിത്സകളും ലഭ്യമാക്കുന്നുണ്ട് ഈ ലാബുകളിൽ മിതമായ നിരക്കിലും അർഹതപ്പെട്ടവർക്ക് സൗജന്യമായും പരിശോധന നടത്തിവരുന്നു. ആശുപത്രി അധികൃതർ ആവശ്യപ്പെടുന്ന മുറയ്ക്ക് അത്യാധുനിക ഉപകരണങ്ങളും പരിശോധനാ സാമഗ്രികളും ലഭ്യമാക്കി വിവിധ ലാബുകൾ സ്ഥാപിച്ചു രോഗികൾക്ക് പരിശോധനാ സൗകര്യം ലഭ്യമാക്കുന്നതിനാണ് ഇപ്പോൾ പ്രാധാന്യം നൽകുന്നത് സൊസൈറ്റിയുടെ ഉടമസ്ഥതയിലുള്ള വിവിധ സ്ഥാപനങ്ങളുടെ എണ്ണം അനുബന്ധം II-ൽ ചേർത്തിരിക്കുന്നു. |

| | |
|---|---|
| (ബി) സൊസൈറ്റി എത്ര ആശുപത്രികളിൽ പേവാർഡുകൾ നിർമ്മിച്ചിട്ടുണ്ട്; | (ബി) കെ.എച്ച്.ആർ.ഡബ്ല്യു.എസ്. 84 ആശുപത്രികളോടനുബന്ധിച്ച് പേവാർഡുകൾ നിർമ്മിച്ചിട്ടുണ്ട്. വിശദ വിവരം അനുബന്ധം III-ൽ ചേർത്തിരിക്കുന്നു. |
| (സി) പേവാർഡ് നിർമ്മാണത്തിന് പുറമെ സൊസൈറ്റി നടത്തുന്ന മറ്റു പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (സി) പേവാർഡുകൾ നിർമ്മിച്ച് വാടകയ്ക്ക് നൽകുന്നതിനു പുറമേ വിവിധയിനം ലാബുകൾ സൊസൈറ്റിയുടെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്നുണ്ട്. ലാബുകളുടെ വിവരം അനുബന്ധം II-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസസ്, നാഷണൽ റൂറൽ ഹെൽത്ത് മിഷൻ കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി സോഷ്യൽ സെക്യൂരിറ്റി മിഷൻ, സോഷ്യൽ വെൽഫെയർ ഡിപ്പാർട്ട്മെന്റ്, ഡ്രഗ്സ് കൺട്രോൾ എന്നീ സർക്കാർ സ്ഥാപനങ്ങൾക്ക് കീഴിലുള്ള കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ സൊസൈറ്റി ഏറ്റെടുത്ത് നടത്തി വരുന്നു. കൂടാതെ സൊസൈറ്റിയുടെ കീഴിൽ തിരുവനന്തപുരത്ത് ഒരു ഓഫ്സെറ്റ് പ്രിന്റിംഗ് പ്രസ്സ് ലാഭകരമായി പ്രവർത്തിക്കുന്നുമുണ്ട്. |
| (ഡി) പേവാർഡുകളുടെ നവീകരണത്തിനു സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; ഇതിനായി ഗ്രാന്റ് അനുവദിക്കുമോ; | (ഡി) പേവാർഡുകളുടെ നവീകരണത്തിനായി ഫ്ളാഗ്ഷിപ്പ് പദ്ധതിയിൽപെടുത്തി ലഭിച്ച തുക ഉപയോഗിച്ച് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി, കോട്ടപറമ്പ W&C ആശുപത്രി, പേരൂർക്കട ഗവൺമെന്റ് ആശുപത്രി, അടൂർ ഗവൺമെന്റ് ആശുപത്രി, തൃശൂർ ചെസ്റ്റ് ആശുപത്രി എന്നിവിടങ്ങളിലെ പേവാർഡുകളുടെ അറ്റകുറ്റ പണി നടത്തി പ്രവർത്തനയോഗ്യമാക്കിയിട്ടുണ്ട്. ബാക്കി തുക ഉപയോഗിച്ച് മറ്റു 9 പേവാർഡുകളുടെയും പ്ലാൻ ഫണ്ടായി ലഭിച്ച 1 കോടി രൂപ ഉപയോഗിച്ച് 13 പേവാർഡുകളുടേയും അറ്റകുറ്റപ്പണി നടത്തുന്നതിനായി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ക്വട്ടേഷൻ വിളിച്ച് കരാർ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. വിശദവിവരം അനുബന്ധം IV-ൽ ചേർക്കുന്നു. കൂടാതെ അസറ്റ് മെയിന്റനൻസ് ഫണ്ടിൽപെടുത്തി വിവിധ പേവാർഡുകളുടെ അറ്റകുറ്റ പണികൾ നടത്തുന്നതിനായി 96 ലക്ഷം രൂപ ഗ്രാന്റായി അനുവദിക്കണമെന്ന സൊസൈറ്റിയുടെ ആവശ്യം സർക്കാർ പരിഗണിച്ചു വരുന്നു. ഫ്ലാഗ്ഷിപ്പ് പദ്ധതിയിൽപെടുത്തി നവീകരണ പ്രവർത്തനങ്ങൾ നടത്തുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധം V-ൽ ചേർത്തിട്ടുണ്ട്. |
| (ഇ) മെഡിക്കൽ കോളേജുകളിൽ കമ്പ്യൂട്ടറൈസ്ഡ് എക്സ്റേ യൂണിറ്റുകൾ സ്ഥാപിക്കാൻ സൊസൈറ്റി ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | (ഇ) തൃശ്ശൂർ, കോഴിക്കോട്, കോട്ടയം, തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രികളോടനുബന്ധിച്ച് കമ്പ്യൂട്ടറൈസ്ഡ് റേഡിയോളജി (എക്സ്റേ) യൂണിറ്റുകൾ ഘട്ടംഘട്ടമായി ആരംഭിക്കുന്നതിന് കെ.എച്ച്.ആർ.ഡബ്ല്യു.എസ്. ഉദ്ദേശിക്കുന്നുണ്ട്. ആദ്യ ഘട്ടമായി തൃശ്ശൂർ മെഡിക്കൽ കോളേജാശുപത്രിയോടനുബന്ധിച്ച് സ്ഥാപിച്ച യൂണിറ്റ് 23.12.2009 മുതൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. |

K.S. Sudha

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 525 | 25.03.2010-ൽ മറുപടിയ്ക്ക് |
|---|---|

**ഗവൺമെൻറ് മെഡിക്കൽ കോളേജുകളിൽ നടത്തുന്ന ഗവേഷണങ്ങൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഡൊമിനിക് പ്രസൻേറഷൻ:<br>ശ്രീ.ജോർജ് മേഴ്സിയർ:<br>ശ്രീ.എം.എ.വാഹിദ്: | | ശ്രീമതി.പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഗവൺമെൻറ് മെഡിക്കൽ കോളേജുകളിലും ആശുപത്രികളിലും എന്തെല്ലാം വിധത്തിലുള്ള ഗവേഷണങ്ങൾ ഇക്കഴിഞ്ഞ മൂന്നു വർഷമായി നടന്നു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ പി.ജി.വിദ്യാർത്ഥികളുടെ പഠന ഭാഗമായിട്ടുള്ള ഗവേഷണങ്ങളും, ഡോക്ടർമാരുടെ ഉന്നത പഠന ഭാഗമായുള്ള ഗവേഷണങ്ങളും മാത്രമാണ് ഇപ്പോൾ നടന്നു വരുന്നത്. ഗവേഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെയാണ് ഹെൽത്ത് യൂണിവേഴ്സിറ്റി സ്ഥാപിച്ചത്. |
| (ബി) | എത്ര പേർ ഗവേഷണത്തിൽ ഏർപ്പെട്ടിരിക്കുന്നു; | (ബി) | 495 പേർ ഗവേഷണം നടത്തുന്നുണ്ട്. |
| (സി) | എന്തെല്ലാം വിഷയങ്ങളെക്കുറിച്ചാണ് ഗവേഷണം നടന്നു വരുന്നത്; | (സി) | മാരോരുത്തരും അവരുടെ പഠനവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഗവേഷണം നടത്തുന്നു. |
| (ഡി) | ഇക്കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ സമൂഹത്തിന് ഗുണകരമായ എന്തെല്ലാം കണ്ടുപിടിത്തങ്ങൾ ഈ ഗവേഷണങ്ങളിലൂടെ നടത്തുവാൻ കഴിഞ്ഞിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | (ഡി) | എല്ലാ ഗവേഷണങ്ങളും സമൂഹത്തിന് ഏതെങ്കിലും തരത്തിൽ ഗുണകരമാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരളനിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 526 25.03.2010 ൽ മറുപടിയ്ക്ക്

ഗുണനിലവാരമില്ലാത്ത മരുന്ന് ഉൽപ്പാദിപ്പിക്കുന്ന കമ്പനികൾക്കെതിരെ നടപടി

ചോദ്യം

ശ്രീ. തോമസ് ചാണ്ടി
ശ്രീ.കെ.ബി.ഗണേഷ്കുമാർ
ശ്രീ.കെ.കെ.ഷാജു

ഉത്തരം

ശ്രീമതി.പി.കെ.ശ്രീമതിടീച്ചർ
(ആരോഗ്യവും സാമൂഹ്യക്ഷേമവും
വകുപ്പുമന്ത്രി)

(എ) സംസ്ഥാനത്തെ സർക്കാർആശുപത്രികളിൽ മരുന്ന് എത്തിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള പുതിയ സംവിധാനങ്ങളിൽ അഴിമതി വ്യാപകമാകുന്നത് തടയുവാൻ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(എ) വിശദമായ മറുപടി അനുബന്ധമായി ചേർക്കുന്നു.

(ബി) ഗുണനിലവാരം കുറഞ്ഞമരുന്നുകൾ നൽകി സാധാരണക്കാരെ കബളിപ്പിക്കുന്ന മരുന്നുകമ്പനികൾക്കെതിരെ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ഗുണനിലവാരമില്ലാത്ത മരുന്നുകൾ വിൽക്കുന്നതായി ബോദ്ധ്യപ്പെട്ടാൽ ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് പ്രകാരം കമ്പനികൾക്കെതിരെ നിയമനടപടികളും വകുപ്പുതല നടപടികളും സ്വീകരിച്ചുവരുന്നു.

(സി) ജീവൻരക്ഷാമരുന്നുകളുടെ വിലവർദ്ധന തടയുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

(സി) മരുന്നുകളുടെ വില നിശ്ചയിക്കുന്നത് കേന്ദ്രഗവൺമെന്റിന്റെ കീഴിലുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിട്ടിയാണ്. എങ്കിലും നീതി/ മാവേലി മെഡിക്കൽ സ്റ്റോറുകൾ വഴി ജീവൻ രക്ഷാമരുന്നുകൾ കുറഞ്ഞ വിലയ്ക്ക് വിൽപ്പന നടത്തിവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 527 : 25/03/2010-ൽ മറുപടിക്ക്

### വ്യവസായ നയം പ്രഖ്യാപിച്ച ശേഷം വ്യവസായ മേഖലയിൽ വികസനം

**ചോദ്യം** **ഉത്തരം**

ശ്രീ. എളമരം കരീം
(വ്യവസായ വകുപ്പുമന്ത്രി)

ശ്രീ. അൽഫോൺസ് കണ്ണന്താനം
ശ്രീ. ആനത്തലവട്ടം ആനന്ദൻ
ശ്രീ. കെ. കെ. ദിവാകരൻ
ശ്രീ. എം. എം. മോനായി
ശ്രീ. എ. പ്രദീപ് കുമാർ

| | | | |
|---|---|---|---|
| (എ) | വ്യവസായ നയം പ്രഖ്യാപിച്ച ശേഷം വ്യവസായ മേഖലയിൽ സംസ്ഥാനത്ത് എന്തുമാത്രം വികസനം ഉണ്ടായിട്ടുണ്ട്; വ്യക്തമാ ക്കുമോ; | (എ) | വ്യവസായ നയം പ്രഖ്യാപിച്ച ശേഷം ചെറുകിട വ്യവസായ മേഖലയിൽ 19,831 പുതിയ യൂണിറ്റുകൾ രജിസ്റ്റർ ചെയ്യുകയും അതുവഴി 1857.03 കോടി രൂപയുടെ മുതൽ മുടക്ക് ഉണ്ടാക്കുന്നതിനും 1,33,925 തൊഴിലവസരങ്ങൾ സൃഷ്ടിയ്ക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. കൂടാതെ വ്യവസായ നയത്തിന്റെ തുടർച്ചയായി സംയുക്ത സംരംഭങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുവാനുതകുന്ന പദ്ധതികൾക്ക് കെ.എസ്.ഐ.ഡി.സി മുഖേന രൂപം നൽകിയിട്ടുണ്ട്. ഇവയിൽ പ്രമുഖമായവയുടെ ലിസ്റ്റ് |

| | | | | |
|---|---|---|---|---|
| | | | | ചുവടെ ചേർക്കുന്നു.<br>1. ലൈഫ് സയൻസ് പാർക്ക്, തിരുവനന്തപുരം<br>2. ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്ക്, മുളന്തുരുത്തി, കൊച്ചി<br>3. ലൈറ്റ് എഞ്ചിനീയറിംഗ് പാർക്ക്, പാലക്കാട്<br>4. ട്രേഡ് എക്സിബിഷൻ സെന്റർ, എറണാകുളം<br>5. സൂപ്പർ തെർമൽ പവർ സ്റ്റേഷൻ, കാസർഗോഡ്<br>6. ഹൈ സ്പീഡ് റെയിൽ കോറിഡോർ -കാസർഗോഡ്-തിരുവനന്തപുരം<br>7. കൊച്ചി-കാസർഗോഡ്, കൊച്ചി-പാലക്കാട് ഇൻഡസ്ട്രിയൽ കോറിഡോർ<br>8. സപ്ളിമെന്ററി ഗ്യാസ് ഇൻഫ്രാസ്ട്രക്ച്ചർ പദ്ധതി<br>കെ.എസ്.ഐ.ഡി.സി. യുടെ വ്യവസായ വളർച്ചാ കേന്ദ്രങ്ങളും ഇതിൽ ഉൾപ്പെടുന്നു.<br>കൂടാതെ, നാളികേരാധിഷ്ഠിത വ്യവസായങ്ങളുടെ ഉന്നമനത്തിനായി കോഴിക്കോട് ജില്ലയിലെ കുറ്റിയാടിയിൽ ഒരു നാളികേര വ്യവസായ പാർക്ക് സ്ഥാപിക്കുന്നുമുണ്ട്. ഇതിനു പുറമെ കോഴിക്കോട് ജില്ലയിൽ രാമനാട്ടുകര, ബേപ്പൂർ എന്നീ സ്ഥലങ്ങളിൽ നോളഡ്ജ് പാർക്ക്, മറൈൻ പാർക്ക് എന്നിവ |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുന്നതിനായി കിൻഫ്രയ്ക്ക് 7 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | പരമ്പരാഗത വ്യവസായങ്ങളായ ഖാദി, കയർ, കശുവണ്ടി, കൈത്തറി, കരകൗശല, ബീഡി, കരിമ്പന, മുള തുടങ്ങിയ വ്യവസായ മേഖലകളുടെ സംരക്ഷണത്തിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. വ്യാപാര മേളകൾ സംഘടിപ്പിച്ച് പരമ്പരാഗത മേഖലയിലെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനും ആവശ്യമായ സഹായങ്ങൾ നൽകുന്നു.<br>2. കൊല്ലം ജില്ലയിലെ ഉമയനല്ലൂർ, കോഴിക്കോട് ജില്ലയിലെ നെടുവണ്ണൂർ എന്നിവിടങ്ങളിൽ ആർട്ടിസാൻസ് പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചു.<br>3. ബീഡി വ്യവസായ രംഗത്ത് പ്രവർത്തിച്ചിരുന്നവർക്ക് വേണ്ടി ഉല്പന്ന വൈവിധ്യവൽക്കരണത്തിലൂടെ പുതിയ തൊഴിൽ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.<br>4. ദിനേശ് ബീഡിയിൽ പുതിയ ആശ്വാസ പെൻഷൻ സ്കീം |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കി.<br>6. നാളികേരാധിഷ്ഠിത വ്യവസായങ്ങളുടെ ഉന്നമനത്തിനായി കോഴിക്കോട് ജില്ലയിലെ കുറ്റിയാടിയിൽ ഒരു നാളികേര വ്യവസായ പാർക്ക് സ്ഥാപിക്കുന്നുമുണ്ട്. കശുവണ്ടി വ്യവസായ വികസനത്തിനായി സർക്കാർ ധനസഹായം നൽകുകയും പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുകയും ചെയ്തു വരുന്നു.<br>കയർ മേഖലയിൽ പ്രവർത്തിക്കുന്ന ജീവനക്ഷമമായ സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിലേയ്ക്കായി 2006-07, 2008-09 വർഷങ്ങളിൽ 2382.67 ലക്ഷം രൂപ 505 കയർ സഹകരണ സംഘങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്.<br>പരമ്പരാഗത കൈത്തറി മേഖലയുടെ സംരക്ഷണത്തിനായി കൈത്തറി വസ്ത്ര നെയ്ത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നു.<br>നെയ്ത്തുകാർക്ക് വിദഗ്ധ പരിശീലനം നൽകുന്നതോടൊപ്പം കൈത്തറി വസ്ത്ര വിൽപ്പനയ്ക്ക് റിബേറ്റ് നൽകുന്നു. കൈത്തറി |

| | | | |
|---|---|---|---|
| | | | സഹകരണ സംഘങ്ങൾക്കുള്ള സർക്കാർ ഓഹരി പങ്കാളിത്തം ഉറപ്പു വരുത്തിയിട്ടുണ്ട്. കൂടാതെ മേഖലാ ബ്രാൻഡുകളുടെ വികസനം സാധ്യമാക്കുകയും ഭൗമ സൂചക ആക്ട് അനുസരിച്ച് രജിസ്ട്രേഷൻ നടത്തുകയും കൈത്തറി ക്ലസ്റ്ററുകൾ വികസിപ്പിക്കുകയും ചെയ്തിട്ടുണ്ട്. മിനിപ്രീലും പ്രോസസ്സിംഗ് സെന്റർ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുകയും കുഴിനൂൽ ഉല്പാദനത്തിന് യൂണിറ്റുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.<br>ഖാദി തൊഴിലാളികളുടെ വേതനം 2007 മുതൽ വർദ്ധിപ്പിച്ചു. 19 ഖാദി സഹകരണ സംഘങ്ങളും 24 ഖാദി സ്ഥാപനങ്ങളും പുനരുദ്ധരിക്കാൻ കഴിഞ്ഞിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, കണ്ണൂർ, കാസർഗോഡ് ജില്ലകൾക്ക് പ്രത്യേകം ഖാദി ക്ലസ്റ്റർ നടപ്പിലാക്കി. ഖാദി മേഖലയിൽ സംസ്ഥാനത്ത് 1500 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഖാദി വിൽപ്പനകേന്ദ്രങ്ങളും ഗോഡൗണുകളും കംപ്യൂട്ടർവത്കരിക്കുന്ന നടപടി പുരോഗമിക്കുന്നു. പരമ്പരാഗത തേനീച്ച കർഷകർക്ക് ധനസഹായം നൽകുന്ന പദ്ധതിയായ തേൻ കലവറ പദ്ധതി നടപ്പാക്കി. പരമ്പരാഗത ഖാദി വ്യവസായ മേഖലയുടെ |

| | | | | |
|---|---|---|---|---|
| | | | | പുനരുദ്ധാരണത്തിനായി പഴയ മോഡൽ ചർക്കകളും തറികളും മാറ്റി സ്ഥാപിച്ചു.<br>പരമ്പരാഗത മേഖലയിൽ പ്രവർത്തിക്കുന്ന സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ സംരക്ഷണത്തിനായി കോർപ്പറേഷന്റെ ബാങ്ക് ബാദ്ധ്യതകൾ ഗവൺമെന്റ് ഏറ്റെടുത്തു. കോർപ്പറേഷൻ തൊഴിലാളികൾക്ക് 2006 വർഷത്തെ ബോണസ് നൽകുകയും കശുവണ്ടി തൊഴിലാളികൾക്ക് തുടർച്ചയായി ജോലി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരിക്കുകയും ചെയ്തു. 2007-08 സാമ്പത്തിക പദ്ധതിയിൽ ഉൾപ്പെടുത്തി കശുവണ്ടി വികസന കോർപ്പറേഷന് തോട്ടണ്ടി വാങ്ങാൻ 16 കോടി രൂപാ അനുവദിച്ചു. കോർപ്പറേഷൻ ഫാക്ടറികളുടെ നവീകരണത്തിനായി ഫണ്ട് അനുവദിക്കുകയും ഇത് ഉപയോഗിച്ച് നവീകരണ പ്രവർത്തനങ്ങൾ നടത്തി വരികയുമാണ്. അത്യുൽപ്പാദന ശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റ് തൈകൾ കൂടുതലായി കോർപ്പറേഷന്റെ നേഴ്സറികളിൽ ഉണ്ടാക്കി കുറഞ്ഞ നിരക്കിൽ കർഷകർക്ക് വിപണനം നടത്തി വരുന്നുണ്ട്. കശുമാങ്ങയിൽ നിന്നും ബയോ ഡീസൽ ഉൽപ്പാദിപ്പിക്കുന്നതിനുള്ള ഗവേഷണവും കശുവണ്ടി വികസന കോർപ്പറേഷൻ നടത്തി വരികയാണ്. |

| | | | |
|---|---|---|---|
| | | | ആധുനിക വൽക്കരണത്തിന്റെ ഭാഗമായി കോർപ്പറേഷനിൽ ഒരു റിസർച്ച് ആന്റ് ഡവലപ്പ്മെന്റ് സെന്റർ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. കശുവണ്ടി വികസന കോർപ്പറേഷൻ STC, IIFT എന്നിവയുടെ സഹായത്തോടെ അന്താരാഷ്ട്ര നിലവാരത്തിലുള്ള പ്രൊഫഷണൽ മാർക്കറ്റിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരികയാണ്. കോർപ്പറേഷൻ ഫാക്ടറികളിൽ ഈ കാലയളവിൽ പുതുതായി ഏകദേശം 7500 ഓളം പേർക്ക് ജോലി നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. |
| (സി) | തൊഴിൽ നിയമങ്ങളിൽ ഇളവു നൽകി വ്യവസായം കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | (സി) | ഇല്ല. |
| (ഡി) | പുതിയ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ഡി) | പുതിയ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് വിവിധ ജില്ലകളിൽ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ ചേലക്കര നിയോജക മണ്ഡലത്തിൽ ഏകദേശം 185 ലക്ഷം രൂപ ചെലവിൽ 9 ഏക്കറോളം സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സ്ഥല ലഭ്യതയനുസരിച്ച് എല്ലാ ജില്ലകളിലും വ്യവസായ പാർക്ക് തുടങ്ങുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | കെ.എസ്. ഐ.ഡി.സി.യുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പുതിയ വ്യവസായ പാർക്കുകൾ സ്ഥാപിച്ചുവരുന്നു.<br>1. ലൈഫ് സയൻസ് പാർക്ക്, തിരുവനന്തപുരം<br>2. ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്ക്, മുളന്തുരുത്തി, കൊച്ചി<br>3. ലൈറ്റ് എഞ്ചിനീയറിംഗ് പാർക്ക്, പാലക്കാട്<br>4. കോക്കനട്ട് ഇൻഡസ്ട്രിയൽ പാർക്ക്, കോഴിക്കോട്. |
| (ഇ) | ചെറുകിട വ്യവസായങ്ങൾക്ക് പ്രത്യേക ഊന്നൽ നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | (ഇ) | ചെറുകിട പരമ്പരാഗത വ്യവസായങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ളതാണ് സർക്കാരിന്റെ നിലവിലുള്ള വ്യവസായ നയം. |
| (എഫ്) | എങ്കിൽ ഇതിനായി സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണ്? | (എഫ്) | ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി ചുവടെ ചേർക്കുന്ന പദ്ധതികളും സേവനങ്ങളും നൽകിവരുന്നു.<br>1. സംസ്ഥാന മൂലധന നിക്ഷേപ സബ്സിഡി<br>2. മാർജിൻ മണി വായ്പ<br>3. സാങ്കേതിക വിദ്യാ വികസന നിധി<br>4. കമ്പോള വിലയിലും വളരെ താഴ്ന്ന വിലയ്ക് വ്യവസായ നടത്തിപ്പിന് കെട്ടിടവും |

| | | | |
|---|---|---|---|
| | | | സ്ഥലവും<br>5. പീഡിത വ്യവസായങ്ങളുടെ പുനരുദ്ധാരണം<br>6. അസംസ്കൃത വസ്തുക്കളുടെ എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ്<br>7. ഗവേഷണ കേന്ദ്രങ്ങൾ, ഗവേഷണ ലബോറട്ടറികൾ എന്നിവയിൽ നിന്നുള്ള സാങ്കേതിക ജ്ഞാനം വാണിജ്യാടിസ്ഥാനത്തിൽ ലഭ്യമാക്കൽ<br>8. വ്യവസായ സഹകരണ മേഖലയ്ക്കും, കരകൗശല മേഖലയ്ക്കും പ്രത്യേക ആനുകൂല്യങ്ങൾ<br>9. പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരുടെ സേവനം ക്ലസ്റ്റർ വികസനം സാധ്യമാക്കാൻ പ്രയോജനപ്പെടുത്തൽ.<br>10. വ്യവസായം തുടങ്ങുന്നതിനാവശ്യമായ വായ്പ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള സഹായം<br>11. ഉൽപ്പന്നങ്ങൾക്ക് വിപണന സൗകര്യം ഒരുക്കൽ.<br>12. ലഘു, ചെറുകിട, സംരംഭകരുടെ കാല താമസം നേരിട്ട പേമെന്റ് സംബന്ധിച്ച തർക്കങ്ങൾ പരിഹരിക്കുന്നതിന് മൈക്രോ സ്മാൾ എന്റർപ്രൈസസ് |

| | | | | |
|---|---|---|---|---|
| | | | | ഫെസിലിറ്റേഷൻ കൗൺസിലിന്റെ രൂപീകരണം.<br>13. വ്യവസായത്തിന് ആവശ്യമായ വിവരങ്ങൾ വെബ്സൈറ്റിലൂടെ നൽകുന്നതിനായി ഇൻഡസ്ട്രീസ് റിസോഴ്സ് ലൊക്കേറ്റർ സംവിധാനം.<br>14. കാർഷിക അധിഷ്ടിത ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾക്കുള്ള സാമ്പത്തിക സഹായങ്ങൾ |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 528 : 25/03/2010-ൽ മറുപടിക്ക്

### ട്രേഡ് ടെക്നോളജി ബിസിനസ് സമ്മിറ്റ്

ചോദ്യം

ശ്രീ. സി. എച്ച്. കുഞ്ഞമ്പു
ശ്രീ. ബാബു. എം. പാലിശ്ശേരി
ശ്രീ. കെ. കെ. ജയചന്ദ്രൻ
ശ്രീ. എ. സി. മൊയ്തീൻ
ശ്രീ. എ. എം. യൂസഫ്

ഉത്തരം

ശ്രീ. എളമരം കരീം
(വ്യവസായ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ചെറുകിട വ്യവസായികൾക്ക് അവരുടെ ഉൽപ്പാദനത്തിന് മെച്ചപ്പെട്ട ടെക്നോളജി കണ്ടെത്തുന്നതിനും ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി എന്തെങ്കിലും സഹായം ചെയ്യുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | ചെറുകിട വ്യവസായികൾക്ക് അവരുടെ ഉൽപ്പാദനത്തിന് മെച്ചപ്പെട്ട ടെക്നോളജി കണ്ടെത്തുന്നതിനും ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി വ്യവസായ വകുപ്പ് മുഖേന ഇൻഡസ്ട്രിയൽ റിസർച്ച് ലിങ്കേജ് പദ്ധതിപ്രകാരവും, ടെക്നോളജി നവീകരണ പദ്ധതിപ്രകാരവും വിവിധ കോളേജുകൾക്ക് സാങ്കേതിക വിദ്യ നേടുന്നതിനും നവീകരണത്തിനുമായി ഫണ്ട് നൽകുന്നുണ്ട്. കൂടാതെ ട്രേഡ് ടെക്നോളജി ബിസ്സിനസ്സ് ഷോ, അഗ്രി ഫുഡ് ബിസ്സിനസ്സ് ഷോ, അഗ്രി ഫുഡ് ടെക്നോളജി മീറ്റ്, ടെക്സ് ഫെയർ കേരള എന്നിവ സംഘടിപ്പിക്കുന്നതും ചെറുകിട വ്യവസായികൾക്ക് സഹായകമാകുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ട്രേഡ് ടെക്നോളജി ബിസിനസ് സമ്മിറ്റ് ഇക്കാര്യത്തിൽ ചെറുകിട വ്യവസായികൾക്ക് പ്രയോജനം ചെയ്തിട്ടുണ്ടോ; | (ബി) | ട്രേഡ് ടെക്നോളജി ബിസിനസ്സ് ഷോകൾ സംഘടിപ്പിക്കുക വഴി കേരളത്തിലെ ചെറുകിട വ്യവസായികൾക്ക് ലോകോത്തര ടെക്നോളജികൾ പരിചയപ്പെടുവാനും, സംസ്ഥാനത്തിന് പുറമെ നിന്നുള്ള വ്യവസായികളുമായി നേരിട്ട് ബിസിനസ്സ് കാര്യങ്ങൾ സംസാരിക്കുവാനും ഇടപാടുകൾ നടത്തുവാനുമുള്ള അവസരങ്ങൾ ഉണ്ടായിട്ടുണ്ട്. ഇതിലൂടെ അവരുടെ ഉല്പന്നങ്ങളെ മെച്ചപ്പെടുത്തുവാനും പുതിയ സാങ്കേതിക വിദ്യകൾ കണ്ടെത്തുവാനും പുതിയ വിപണികൾ കണ്ടെത്തുവാനും കഴിഞ്ഞിട്ടുണ്ട്. |
| (സി) | ഇത്തരം മേളകൾ എല്ലാ വർഷവും സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | ഇത്തരം മേളകൾ എല്ലാ വർഷവും സംഘടിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | അടുത്ത ബിസിനസ് സമ്മിറ്റ് എന്നാണ് സംഘടിപ്പിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | (ഡി) | 2010 ഒക്ടോബർ മാസം മുതൽ മുൻ വർഷത്തെ പോലെ വിവിധ മേഖലകൾ തിരിച്ച് ടെക്നോളജി മീറ്റുകൾ സംഘടിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഇ) | കേന്ദ്ര സർക്കാരുമായി ചേർന്ന് ക്ലസ്റ്റർ വികസന പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; ഇത് ചെറുകിട വ്യവസായങ്ങൾക്ക് | (ഇ) | കേന്ദ്ര സർക്കാരിന്റെ മൈക്രോ സ്മാൾ & മീഡിയം എന്റർപ്രൈസസ് (MSME) മന്ത്രാലയത്തിന്റെ എം.എസ്.ഇ-സി.ഡി.പി |

| | | | |
|---|---|---|---|
| | പ്രയോജനപ്പെടുമോ എന്ന് വ്യക്തമാക്കുമോ? | | (MSE-CDP) പദ്ധതിപ്രകാരം ക്ലസ്റ്റർ വികസന പരിപാടികൾ നടപ്പിലാക്കി വരുന്നു. ഇതു വഴി നടപ്പിലാക്കിയ വിവിധ പദ്ധതികൾ ചെറുകിട വ്യവസായികൾക്ക് പ്രയോജനപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 529 | 25.03.2010-ൽ മറുപടിയ്ക്ക് |
|---|---|

**സർക്കാർ ആശുപത്രികളിൽ ഗുണനിലവാരവും സേവനവും ഉറപ്പു വരുത്താൻ നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.കൃഷ്ണപ്രസാദ്:<br>ശ്രീ.കെ.ടി.ജലീൽ:<br>ശ്രീ.മുരളി പെരുനെല്ലി:<br>ശ്രീ.വി.ശശികുമാർ: | | ശ്രീമതി.പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | സർക്കാർ ആശുപത്രികളിൽ ഇന്ത്യൻ പബ്ളിക് ഹെൽത്ത് സ്റ്റാൻഡേർഡ് അനുസരിച്ചുള്ള ഗുണനിലവാരവും സേവനവും ഉറപ്പു വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | ഇന്ത്യൻ പബ്ളിക് ഹെൽത്ത് സ്റ്റാൻഡേർഡ്സ് പ്രകാരമുള്ള നിലവാരത്തിലേക്ക് ഉയർത്തുന്നതിന് സംസ്ഥാനത്തെ വിവിധ ആരോഗ്യ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യ വികസനവും നിലവിലുള്ള തസ്തികകൾക്ക് പുറമെ ആവശ്യമായ താൽക്കാലിക നിയമനങ്ങളും എൻ.ആർ.എച്ച്.എം.മുഖേന നടത്തി വരുന്നു. ഇത്തരം സ്ഥാപനങ്ങളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശുപാർശ സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | ഇതിൻെറ അടിസ്ഥാനത്തിൽ എത്ര ആശുപത്രികളെയും ഡിസ്പെൻസറികളെയും അപ് ഗ്രേഡ് ചെയ്തു എന്ന് വെളിപ്പെടുത്തുമോ; | (ബി) | സംസ്ഥാനത്ത് 115 കമ്മ്യൂണിറ്റി ഹെൽത്ത് സെൻററുകളിലാണ് ദേശീയ പൊതുജനാരോഗ്യ മാനദണ്ഡപ്രകാരമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നത്. |
| (സി) | കിടത്തി ചികിത്സയുള്ള ആശുപത്രികളിൽ ആവശ്യാനുസരണം സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെയും നേഴ്സുമാരേയും മറ്റ് പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 530 — 25.3.2010 -ൽ മറുപടിക്ക്

ആയുർവ്വേദം, ഹോമിയോ, സിദ്ധ, യുനാനി, മർമ്മചികിത്സാ രീതികൾ പ്രോത്സാഹിപ്പിക്കുവാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.തോമസ് ചാഴികാടൻ:<br>" റോഷി അഗസ്റ്റിൻ:<br>" ജോസഫ് എം.പുതുശ്ശേരി: | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ആയുർവ്വേദം, ഹോമിയോ, സിദ്ധ, യുനാനി, മർമ്മ ചികിത്സ, തുടങ്ങിയ സമ്പ്രദായങ്ങളെ പ്രോത്സാഹിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നു വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 151 ആയുർവേദ സ്ഥാപനങ്ങളും, 12 യുനാനി സ്ഥാപനങ്ങളും എൻ.ആർ.എച്ച്.എം. മുഖേന താല്ക്കാലികമായി അനുവദിക്കുകയുണ്ടായി. ഹോമിയോ ആശുപത്രികളിൽ ക്ലിനിക്കൽ ലാബ്, അൾട്രാ-സൗണ്ട് സ്കാനിംഗ് യൂണിറ്റ്, നെബുലൈസർ, ഓട്ടോക്ലേവ്, സെമി-ഓട്ടോ അനലൈസർ, ഇ.സി.ജി. തുടങ്ങിയ ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തി. ജില്ലാ മെഡിക്കലാഫീസുകളിൽ പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം, എൽ.സി.ഡി. പ്രൊജക്ടർ എന്നിവ നൽകി ആധുനികവൽക്കരിച്ചു. സംസ്ഥാനത്ത് ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യ പദ്ധതി പ്രകാരം 276 ഹോമിയോ ഡിസ്പെൻസറികൾ കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ താൽക്കാലികമായി അനുവദിക്കപ്പെട്ടു. ഈ വർഷത്തെ ബഡ്ജറ്റിൽ സർക്കാർ ഹോമിയോ ഡിസ്പെൻസറികൾ അനുവദിക്കുന്നതിനായി ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ സ്ത്രീകളുടെ മാനസിക ശാരീരിക പ്രശ്ന പരിഹാരത്തിനും ആരോഗ്യ സംരക്ഷണത്തിനുമായി ഒരു സമഗ്ര ആരോഗ്യ ക്ഷേമ പദ്ധതി 2010-11 വർഷം മുതൽ പുതുതായി ആരംഭിക്കുന്നതാണ്. ഓരോ വർഷവും തുടർന്ന് വരുന്ന വ്യക്തിത്വ മാനസിക പ്രശ്നങ്ങൾ ഉള്ള സ്കൂൾ കുട്ടികൾക്കായുള്ള സ്കൂൾ ഹെൽത്ത് പ്രോഗ്രാമും, തീർത്ഥാടന കാലയളവിൽ ഭക്തജനങ്ങൾക്കായി നടത്തപ്പെടുന്ന താല്കാലിക ഡിസ്പെൻസറികൾ, ആരോഗ്യ സെമിനാറുകൾ, മെഡിക്കൽ ക്യാമ്പുകൾ, രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, ആശുപത്രികളുടെ നവീകരണം, ആധുനികവൽക്കരണം, സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, തുടർ മെഡിക്കൽ വിദ്യാഭ്യാസ പദ്ധതി തുടങ്ങിയ പൊതുവായ തുടർ പദ്ധതികൾക്ക് പുറമേയാണ് ഇത്. ആലപ്പുഴയിലെ ഹോമിയോ ഔഷധ നിർമ്മാണ കമ്പനിയായ കേരള സ്റ്റേറ്റ് |

| | |
|---|---|
| | കോ-ഓപറേറ്റീവ് ഹോമിയോപ്പതിക് ഫാർമസ്യൂട്ടിക്കൽ (ഹോംകോ) കെട്ടിട നിർമ്മാണം, സ്വന്തമായ സ്ഥലം ഉൾപ്പെടെ, അവരുടെ ഔഷധ വികസന പ്രവർത്തനങ്ങൾക്കായി നടപ്പു വർഷം 14 കോടി രൂപയുടെ പദ്ധതി നടത്തി വരുന്നു. 2010-11-ലെ ബഡ്ജറ്റിൽ 4 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത വിഭാഗങ്ങളിൽ സേവനമനുഷ്ഠിക്കുന്നവർക്ക് രജിസ്ട്രേഷൻ, ലൈസൻസ് തുടങ്ങിയവ ലഭ്യമാക്കുവാൻ സംവിധാനമുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) 1953-ലെ ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിൽ ആക്റ്റിലേയും 1970-ലെ ഇന്ത്യൻ മെഡിസിൻ സെൻട്രൽ കൗൺസിൽ ആക്റ്റിലേയും 1973-ലെ സെൻട്രൽ ഹോമിയോപ്പതി കൗൺസിൽ ആക്റ്റിലേയും വ്യവസ്ഥകൾക്കു വിധേയമായി അംഗീകൃത യോഗ്യതയുള്ള ആയുർവ്വേദ, ഹോമിയോ, സിദ്ധ, യുനാനി വിഭാഗക്കാർക്ക് ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിലിൽ രജിസ്ട്രേഷൻ നൽകി വരുന്നുണ്ട്. |
| (സി) ഇല്ലെങ്കിൽ അവ കുറ്റമറ്റ രീതിയിൽ ലഭ്യമാക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ; | (സി) യും (ഡി) യും.<br>നിലവിൽ രജിസ്ട്രേഷൻ കുറ്റമറ്റ രീതിയിൽ നൽകി വരുന്നുണ്ട്. |
| (ഡി) മേൽസംഗതിയുമായി ബന്ധപ്പെട്ടു സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളോ, ഉത്തരവുകളോ പുറപ്പെടുവിച്ചിട്ടുണ്ടോ: എങ്കിൽ പകർപ്പുകൾ ലഭ്യമാക്കുമോ? | |

K.S. Sudha
സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 531

25.03.2010-ൽ
മറുപടിക്ക്

## സംസ്ഥാനത്ത് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീമതി. ജെ. അരുന്ധതി<br>ശ്രീമതി. കെ. കെ. ലതിക<br>ശ്രീമതി. കെ. എസ്. സലീഖ<br>ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ | ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | എ) സംസ്ഥാനത്ത് നിലവിലുള്ള സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| ബി) ഇപ്പോൾ ഏതെല്ലാം ജില്ലകളിലാണ് സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള ആശുപത്രികൾ ഉള്ളത് ; | ബി) തിരുവനന്തപുരം, കൊല്ലം, എറണാകുളം, ആലപ്പുഴ, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലാണ് നിലവിൽ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള ആശുപത്രികൾ പ്രവർത്തിച്ചു വരുന്നത്. |
| സി) എല്ലാ ജില്ലകളിലും ഇത്തരം ആശുപത്രികൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ; | സി) സ്വീകരിക്കുന്നതാണ്. |
| ഡി) സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള ആശുപത്രികളിലെ പേ വാർഡ്, ലാബ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് സർക്കാരിന്റെ പരിഗണനയിലുള്ളത് ; | ഡി) ലാബുകൾ 24 മണിക്കൂറും പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ലാബ് ടെക്നീഷ്യന്മാരുടെ കുറവുള്ള സ്ഥലങ്ങളിൽ എൻ.ആർ.എച്ച്.എം. മുഖേന താൽക്കാലികാടിസ്ഥാനത്തിൽ ലാബ് ടെക്നീഷ്യന്മാരെ നിയമിച്ചുകൊണ്ട് 24 മണിക്കൂറും ലാബുകൾ പ്രവർത്തിച്ചുവരുന്നു. എൻ.ആർ.എച്ച്.എം. ഫണ്ടുപയോഗിച്ച് അത്യാധുനിക ലബോറട്ടറി ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. പേ വാർഡുകൾ എൻ.ആർ.എച്ച്.എം. ഫണ്ടുപയോഗിച്ച് നവീകരിച്ചിട്ടുണ്ട്. കെ.എച്ച്.ആർ.ഡബ്ല്യു.എസ്- ന്റെ നിയന്ത്രണത്തിലുള്ള പേ വാർഡുകൾ നവീകരിക്കുന്നതിന് വേണ്ടി കെ.എച്ച്.ആർ.ഡബ്ല്യു.എസ്. മാനേജിംഗ് ഡയറക്ടർക്കു നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ഇ) ദേശീയാരോഗ്യമിഷനിൽനിന്നും ഇതിനായി പ്രത്യേക വിഹിതം നേടിയെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | ഇ) നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ- 532. 25.03.2010- ൽ മറുപടിക്ക്**

**സർക്കാർ കേസ്സുകളുടെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.ടി. ജലീൽ :<br>ശ്രീ. കെ.കെ. ജയചന്ദ്രൻ :<br>ശ്രീ. എം. ചന്ദ്രൻ :<br>ശ്രീ. പി. ജയരാജൻ :<br>പ്രൊഫ. സി. രവീന്ദ്രനാഥ് : | ശ്രീ. എം. വിജയകുമാർ<br>(നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി.) |
| (എ) സർക്കാർ കേസ്സുകളുടെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;<br><br>(ബി) ഇതിനായി കളക്ടറേറ്റുകളിൽ എന്തൊക്കെ നടപടികളാണ് പുതിയതായി സ്വീകരിച്ചിട്ടുള്ളത്;<br><br>(സി) സർക്കാർ കേസ്സുകളുടെ നടത്തിപ്പ് നിരീക്ഷിക്കുന്നതിന് ജില്ലാ ഗവൺമെന്റ് പ്ലീഡർമാരുടേയും അഡ്വക്കേറ്റ് ജനറലിന്റേയും ഓഫീസിൽ പുതുതായി എന്തെങ്കിലും സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | സർക്കാർ കേസുകളുടെ നടത്തിപ്പും മേൽനോട്ടവും നിലവിലുള്ളതിനെക്കാൾ ഫലപ്രദമാക്കുന്നതു ലക്ഷ്യമാക്കി കേരളത്തിലെ എല്ലാ ഡിസ്ട്രിക്റ്റ് ഗവൺമെന്റ് പ്ലീഡർമാരുടെ ഓഫീസുകളിലും ന്യൂഡൽഹിയിലെ ലാ ഓഫീസിലും എറണാകുളത്ത് അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസിലും കമ്പ്യൂട്ടർ വൽകൃത കോർട്ട് കേസസ് ട്രാക്കിംഗും മോണിറ്ററിംഗും സംവിധാനം ചെയ്ത് നടപ്പിലാക്കുന്നതിനായി കോർട്ട് കേസസ് മോണിറ്ററിംഗ് സൊല്യൂഷൻ ഫോർ ലാ ഓഫീസസ് എന്ന പദ്ധതി ആവിഷ്കരിച്ചു. ഈ പദ്ധതിയുടെ കീഴിൽ മേൽപ്പറഞ്ഞ എല്ലാ ഓഫീസുകളിലും കമ്പ്യൂട്ടർ വൽകൃത കോർട്ട് കേസസ് മോണിറ്ററിംഗ് കെൽട്രോണിന്റെ സഹായത്തോടെ നടപ്പിലാക്കുകയും സർക്കാർ കേസുകളുടെ നടത്തിപ്പ് നിരീക്ഷിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കുകയും ചെയ്തു. അതിന്റെ സുഗമമായ നടത്തിപ്പിനായി ലീഗൽ അസിസ്റ്റന്റുമാരുടെ ഓരോ തസ്തിക വീതം 14 ജില്ലാ ഗവൺമെന്റ് പ്ലീഡർ ഓഫീസുകളിലും |

സൃഷ്ടിക്കാനും 4 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ ദിവസവേതനത്തിൽ അഡ്വക്കേറ്റ് ജനറലാഫീസിൽ നിയമിക്കുന്നതിനും ജി.ഒ. (എം.എസ്) 26/10/നിയമം തീയതി 19.02.2010 മുഖേന സർക്കാർ ഉത്തരവാക്കുകയും ചെയ്തു.

സർക്കാർ കേസുകളുടെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനും മറ്റ് അനുബന്ധ നടപടികൾ സ്വീകരിക്കുന്നതിനും തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, ഇടുക്കി, എറണാകുളം, പാലക്കാട്, കോഴിക്കോട്, കാസറഗോഡ് എന്നീ എട്ട് കളക്ടറേറ്റുകളിൽ 21.08.2009-ലെ 757/2009/നിയമം നമ്പർ ഉത്തരവ് പ്രകാരം ഓരോ ഡെപ്യൂട്ടി സെക്രട്ടറി തസ്തിക (ആകെ 8) സൃഷ്ടിക്കുകയും നിയമവകുപ്പിൽ നിന്നും നിയമനം നടത്തുകയും ചെയ്തിട്ടുണ്ട്. സർക്കാർ കേസുകളുടെ നടത്തിപ്പ് വേഗത്തിലാക്കുന്നതിനും സർക്കാരിനുണ്ടാവുന്ന നഷ്ടം ഒഴിവാക്കുന്നതിനുമായി നിയമ (മോണിറ്ററിംഗ് സെൽ) വകുപ്പ് ജില്ലാ കളക്ടറേറ്റുകളിലും വകുപ്പ് തലവൻമാരുടെ ഓഫീസിലും ക്രമമായി പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും അതുവഴി കേസ് നടത്തിപ്പ് ഊർജ്ജിതവും കാര്യക്ഷമവുമാക്കാനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു.

ഉത്തരവിൻ പ്രകാരം,

(ഒപ്പ്)

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ടചോദ്യം നമ്പർ. 533 | 25-03-2010-ൽ മറുപടിയ്ക്ക്

**സ്പോർട്ട്സ് മേഖലയുടെ വികസനത്തിനായി സ്വീകരിച്ച നടപടികൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.ചെന്താമരാക്ഷൻ:**<br>**ശ്രീ.കെ.കെ.ദിവാകരൻ:**<br>**ശ്രീ.പി.കൃഷ്ണപ്രസാദ്:**<br>**ശ്രീ.പി.ടി.എ.റഹീം:**<br>**ശ്രീ.ബി.ഡി.ദേവസ്സി:** | **ശ്രീ.എം.വിജയകുമാർ**<br>**(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി)** |
| (എ)<br>സ്പോർട്ട്സ് മേഖലയുടെ വികസനത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ)<br>സ്പോർട്ട്സ് മേഖലയുടെ അടിസ്ഥാന വികസനത്തിന് ലക്ഷ്യമിട്ടു കൊണ്ടുള്ള 2000-ലെ കേരള സ്പോർട്ട്സ് ആക്ട് പ്രകാരം സംസ്ഥാന/ജില്ലാ സ്പോർട്സ് കൗൺസിലുകൾ നിലവിൽ വന്നു കഴിഞ്ഞു. തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ കൗൺസിലുകളും രൂപീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. പഞ്ചായത്തുകളുടെയും മറ്റ് സ്ഥാപനങ്ങളുടെയും നിലവിലുള്ള കളിസ്ഥലങ്ങൾ മെച്ചപ്പെടുത്തുന്നതിനും സംരക്ഷിക്കുന്നതിനും പുതിയവ സ്ഥാപിക്കുന്നതിനും നിശ്ചിത മാനദണ്ഡങ്ങൾക്ക് വിധേയമായി സർക്കാർ ധനസഹായം നൽകി വരുന്നു. ഈ ഇനത്തിൽ ഈ സർക്കാർ സ്പോർട്സ് കൗൺസിൽ മുഖേന 15,59,60,689/- രൂപയും കായിക യുവജനകാര്യ ഡയറക്ടർ മുഖേന 8 കോടി രൂപയും ധനസഹായം അനുവദിച്ചിട്ടുണ്ട്. |

കൂടാതെ, സ്പോർട്സ് രംഗത്തെ വികസനം ലക്ഷ്യമാക്കി ഒരു സ്പോർട്സ് കമ്മീഷനെ നിയോഗിക്കുകയും കമ്മീഷൻ 69 ശുപാർശകളടങ്ങുന്ന റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ശുപാർശകൾ സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും അത് പരിശോധിച്ചു വരികയുമാണ്.

ഇവ കൂടാതെ, സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി, വിഷൻ ഇൻഡ്യ, ആരോഗ്യ കായിക വിദ്യാഭ്യാസ പദ്ധതി, പഞ്ചായത്ത് യുവ ക്രീഡ ഔർ ഖേൽ അഭിയാൻ പദ്ധതി എന്നിവ ഫലപ്രദമായി നടപ്പിലാക്കി വരുന്നു. മലപ്പുറത്ത് ഒരു ഫുട്ബോൾ അക്കാദമി, തലശ്ശേരിയിൽ ഒരു സർക്കസ് അക്കാദമി, വയനാട്ടിൽ ഒരു ആർച്ചറി അക്കാദമി, ചടയമംഗലത്ത് ഒരു വനിതാ സ്പോർട്ട്സ് അക്കാദമി, പിരപ്പൻകോട് നീന്തൽ സമുച്ചയം, ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം, മൂന്നാർ ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്റർ എന്നിവ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരികയാണ്.

35-ാമത് ദേശീയ ഗെയിംസിനോടനുബന്ധിച്ച് സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 18 സ്ഥലങ്ങളിൽ 32 നിർമ്മാണ പ്രവർത്തനങ്ങൾ ഉദ്ദേശം 400 കോടി രൂപ ചെലവിൽ സ്റ്റേഡിയങ്ങളുടെ നവീകരണ പ്രവർത്തനങ്ങളും പുതിയ സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളും നാഷണൽ ഗെയിംസ് സെക്രട്ടറിയേറ്റ് മുഖേന നടത്തുന്നുണ്ട്.

ഇതിനെല്ലാം പുറമെ 2010 കായിക വർഷമായി ആചരിക്കുന്നതിന് തീരുമാനിക്കുകയും, അതോടനുബന്ധിച്ച് നടപ്പാക്കാനായി ഒരു സ്പോർട്സ് കലണ്ടറിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. അത് അനുബന്ധമായി ചേർക്കുന്നു.

(ബി) ഒരു ജില്ലയിൽ ഒരു സ്പോർട്ട്സ് സ്കൂൾ എന്ന നയം എന്നത്തേക്ക് പൂർത്തിയാക്കുമെന്ന് വെളിപ്പെടുത്തുമോ;

(ബി) ഒരു ജില്ലയിൽ ഒരു സ്പോർട്ട്സ് സ്കൂൾ എന്ന പദ്ധതി നടപ്പാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി കണ്ണൂർ സ്പോർട്ട്സ് ഡിവിഷനെയും എറണാകുളത്തുള്ള പനമ്പള്ളി നഗർ ഹൈസ്കൂളിനെയും സ്പോർട്ട്സ് സ്കൂളായി മാറ്റുന്നതിനാവശ്യമായ ധനസഹായം 2010-11 വർഷത്തെ സംസ്ഥാന ബജറ്റിൽ കേരള സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന് നൽകുന്നതിനായി വകയിരുത്തിയിട്ടുണ്ട്.

(സി) സ്കൂൾ തലത്തിലുള്ള എല്ലാ കുട്ടികളെയും നീന്തൽ പഠിപ്പിക്കുന്നതിനായി ആവിഷ്ക്കരിച്ച പദ്ധതിയുടെ വിശദാംശം നൽകുമോ;

(സി) കേരളത്തിലെ മുഴുവൻ കുട്ടികളെയും നീന്തൽ പഠിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഈ വർഷം കുട്ടികളെ നീന്തൽ പഠിപ്പിക്കുന്നതിനായി സംസ്ഥാനത്ത് ലഭ്യമായ കുളങ്ങളും, ജലസ്രോതസ്സുകളും ഉപയോഗിച്ച് ജില്ലാ സ്പോർട്സ് കൗൺസിലുകൾ, ജില്ലാ അക്വാട്ടിക് അസോസിയേഷനുകളുടെ സഹകരണത്തോടു കൂടി ഒരു പഞ്ചായത്തിൽ നിന്ന് രണ്ടു പേരെ (ഒരു പുരുഷൻ/ഒരു സ്ത്രീ) തെരഞ്ഞെടുത്ത്

അവർക്ക് ഓറിയന്റേഷൻ കോഴ്സ് നടത്തുന്നതിന് പദ്ധതിയിട്ടുണ്ട്. ഇവരുടെ സഹായത്തോടു കൂടി ഒരു ജില്ലയിൽ കുറഞ്ഞത് 4 കേന്ദ്രങ്ങളിലെങ്കിലും നീന്തൽ പരിശീലനം നൽകുന്നതിനുള്ള നടപടി കൈക്കൊണ്ടിട്ടുണ്ട്. ഇതിനായി ജില്ലകൾക്ക് പരമാവധി 20,000/- രൂപയാണ് ധനസഹായം നൽകുന്നത്.

(ഡി) പുതുതായി നിർമ്മിക്കുന്ന അന്താരാഷ്ട്രതല സ്പോർട്ട്സ് സമുച്ചയങ്ങൾ ഏതെല്ലാമാണ്;

(ഡി)
1. ഇൻഡോർ സ്റ്റേഡിയം - വട്ടിയൂർക്കാവ്
2. ഇൻഡോർ സ്റ്റേഡിയം - കോഴിക്കോട്.
3. ഇൻഡോർ സ്റ്റേഡിയം - കണ്ണൂർ.
4. ഹോക്കി സ്റ്റേഡിയം - കൊല്ലം.
5. ഗ്രീൻ ഫീൽഡ് സ്റ്റേഡിയം - യൂണിവേഴ്സിറ്റി ക്യാമ്പസ്, കാര്യവട്ടം.
6. സ്പോർട്സ് കോംപ്ലക്സ് - മുണ്ടയാട്.
7 പിരപ്പൻകോട് സ്വിമ്മിംഗ്പൂൾ.
8. ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്റർ

ഇ) സ്പോർട്ട്സ് കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഇ) 69 ശുപാർശകളടങ്ങുന്ന സ്പോർട്സ് കമ്മീഷൻ റിപ്പോർട്ട് സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ശുപാർശകൾ സർക്കാർ പരിശോധിച്ചു വരികയാണ്.

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: *534

25-03-2010 ൽ
മറുപടിക്ക്

കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സംയുക്ത സംരംഭങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :<br>" ആനത്തലവട്ടം ആനന്ദൻ :<br>" എം. ചന്ദ്രൻ :<br>" ജോർജ് എം. തോമസ് :<br>" മഞ്ഞളാംകുഴി അലി : | ശ്രീ. എളമരം കരീം<br>(വ്യവസായവകുപ്പുമന്ത്രി) |
| (എ) കെൽടെക് പ്രതിരോധ വകുപ്പിന്റെ ബ്രഹ്മോസ് ഏറ്റെടുത്തതിന്റെ ഫലമായി ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വ്യക്തമാക്കുമോ ; | (എ) സംസ്ഥാനത്തെ വ്യവസായവകുപ്പിന്റെ അധീനതയിലായിരുന്ന പൊതുമേഖലാസ്ഥാപനമായ കെൽടെക്, ഇൻഡ്യാ ഗവൺമെന്റും റഷ്യൻ ഗവൺമെന്റും ചേർന്നുള്ള "സംയുക്ത സംരംഭമായ" ബ്രഹ്മോസ് എയറോസ്പേസിന് 2007 ഡിസംബർ 31-ന് കൈമാറി. പ്രതിരോധമേഖലയിലുള്ള കേരളത്തിലെ ആദ്യത്തെ ഉത്പാദന യൂണിറ്റാണ് ഇത്. കെൽടെക്ക് ബ്രഹ്മോസ് ഏറോസ്പേസിനു കൈമാറിയതു വഴി 2008-09 സാമ്പത്തിക വർഷം DRDO 50 കോടി രൂപയുടെയും ISRO 15 കോടി രൂപയുടെയും നിക്ഷേപം നടത്തിയിട്ടുണ്ട്. ഇതു വഴി കമ്പനിയുടെ turnover-ൽ 60% വർദ്ധനവുണ്ടായിട്ടുണ്ട്. 2009-10 സാമ്പത്തിക വർഷം 40 കോടി രൂപയുടെ turnover ആണ് കമ്പനി പ്രതീക്ഷിക്കുന്നത്. കമ്പനിയ്ക്കിപ്പോൾ ഏകദേശം 25 അത്യാധുനിക CNC മെഷീനുകളുണ്ട്. ഈ വർഷാവസാനത്തോടെ ബ്രഹ്മോസ് ഏറോസ്പേസ് ഒരു AS 9100 അംഗീകൃത സ്ഥാപനമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

| | |
|---|---|
| (ബി) കൊച്ചിയിൽ എൽ.എൻ.ജി. ടെർമിനൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്? | (ബി) കൊച്ചി എൽ.എൻ.ജി. ടെർമിനൽ പദ്ധതി ഇപ്പോൾ നിർമ്മാണ ഘട്ടത്തിലാണ്. സ്റ്റോറേജ് ടാങ്കുകൾ, റീഗ്യാസിഫിക്കേഷൻ ഫെസിലിറ്റി, എൽ.എൻ.ജി. ജെട്ടി, അനുബന്ധ കെട്ടിടങ്ങൾ എന്നിവയുടെ നിർമ്മാണം പുരോഗമിയ്ക്കുന്നു. 2011 ഡിസംബറിൽ മെക്കാനിക്കൽ കംപ്ലീഷൻ നടത്തി 2012 മാർച്ചിൽ ടെർമിനൽ കമ്മീഷൻ ചെയ്യാൻ ഉദ്ദേശിക്കുന്നു. |
| (സി) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സംയുക്ത സംരംഭങ്ങൾ ആരംഭിച്ചതു മൂലമുള്ള നേട്ടങ്ങൾ വ്യക്തമാക്കുമോ ; | (സി) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സംയുക്ത സംരംഭങ്ങൾ ആരംഭിച്ചതുമൂലമുള്ള നേട്ടങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി)പുതുതായി ഏതെങ്കിലും പൊതുമേഖലാ കമ്പനിയുമായി സംയുക്തസംരംഭത്തിന് ചർച്ച നടക്കുന്നുണ്ടോ ; | (ഡി) കെൽട്രോൺ-ബി.ഇ.എൽ-മായി സംയുക്തസംരംഭത്തിൽ ഏർപ്പെടുന്നതിനുള്ള ചർച്ച നടക്കുന്നു. |
| (ഇ) കെൽട്രോണിന് പ്രതിരോധ മേഖലയിൽനിന്നും കൂടുതൽ ഓർഡറുകൾ നേടുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ)കെൽട്രോണിന്റെ വളർച്ചയെ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രതിരോധ ഗവേഷണലാബുകളുമായും മറ്റു വിവിധ ഉൽപ്പാദന യൂണിറ്റുകളുമായും ഡിഫൻസ് പ്രോഡക്റ്റ്സ് / സിസ്റ്റംസ് സബ് അസംബ്ലി ചെയ്യുന്നതിനായി കെൽട്രോൺ ബന്ധം സ്ഥാപിച്ചു കഴിഞ്ഞു. BEL, DRDO, NPOL എന്നി സ്ഥാപനങ്ങളുമായി കെൽട്രോൺ പ്രൊഡക്ഷൻ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പുതിയ ഉൽപ്പന്നങ്ങളുടെ വികസനത്തിനായി കെൽട്രോണിന്റെ അരൂർ, കരകുളം കോംപ്ലക്സുകളിൽ inhouse Research & Development Centre കളും സ്ഥാപിച്ചു കഴിഞ്ഞു.<br><br>സെക്ഷൻ ഓഫീസർ |

# അനുബന്ധം -1

സംസ്ഥാന വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായും, പ്രവർത്തനമാന്ദ്യം നേരിട്ടിരുന്ന 5 പൊതുമേഖലാ സ്ഥാപനങ്ങളെ അവയുടെ സുസ്ഥിരമായ ഭാവി ഉറപ്പിൽ വരുത്തുന്നതിലേയ്ക്കായും അവരുടെ തന്നെ പ്രവർത്തന മേഖലയിൽ കഴിവു തെളിയിച്ച കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സംയുക്ത സംരംഭത്തിലേർപ്പെടുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

## TELK- NTPC

കേരളത്തിൽ അങ്കമാലിയിൽ പ്രവർത്തിക്കുന്ന ടെൽക്ക് പവർ ട്രാൻസ്ഫോർമേഴ്സിന്റെ നിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്ന ഏക പൊതുമേഖലാ സ്ഥാപനമാണ്. തുടർച്ചയായ പ്രവർത്തനനഷ്ടം മൂലം ബി.ഐ.എഫ്.ആറിലേയ്ക്ക് റെഫർ ചെയ്യപ്പെട്ട ഈ സ്ഥാപനത്തെ ഇതേ മേഖലയിൽ പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ National Thermal Power Corporation Ltd (NTPC) യുമായാണ് സംയുക്ത സംരംഭത്തിൽ ഏർപ്പെടുത്തി പുനരുദ്ധരിക്കുന്നത്. ധാരണാപത്രം അനുസരിച്ച് ടെൽക്കിന്റെ മൂലധനത്തിൽ നിന്നും 44.60% ന്റെ തത്തുല്യതുകയായ 31.34 കോടി രൂപ NTPC TELK ന് നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി NTPC മാനേജിംഗ് ഡയറക്ടർ ഉൾപ്പെടെ 3 ഉദ്യോഗസ്ഥന്മാരെ ടെൽക്കിൽ നിയമിച്ചിട്ടുണ്ട്. ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ ടെൽക്കിന്റെ ചെയർമാൻ കേരളസർക്കാരിന്റെ നോമിനിയും മാനേജിങ് ഡയറക്ടർ എൻ.ടി.പി.സി നോമിനിയുമായിരിക്കും. ഈ കരാർ TELKന്റെ വൻ വികസനത്തിനും ആധുനികവത്കരണത്തിനും വഴിവയ്ക്കുന്നതാണ്. ടെൽക് സമീപ ഭാവിയിൽ തന്നെ ഏകദേശം 188 കോടി രൂപയുടെ വികസനത്തിനാണ് ലക്ഷ്യമിടുന്നത്.

2008-09ൽ റെക്കോർഡ് പ്രവർത്തനം കാഴ്ച വെച്ച് ടെൽക്കിന്റെ net worth പൊസിറ്റീവ് ആയതിനെ തുടർന്ന്, ബി.ഐ.എഫ്.ആറിൽ നിന്നും de-list ചെയ്യാനുള്ള നടപടി സ്വീകരിച്ചു വരുന്നു

## Kerala Hi-tech Industries Ltd (KELTEC)

സംസ്ഥാനത്തെ വ്യവസായവകുപ്പിന്റെ അധീനതയിലായിരുന്ന പൊതുമേഖലാസ്ഥാപനമായ കെൽടെക് ഇൻഡ്യാ ഗവണ്മെന്റും റഷ്യൻ ഗവണ്മെന്റും ചേർന്നുള്ള "സംയുക്ത സംരഭമായ" ബ്രഹ്മോസ് എയറോസ്പേസിന് 31st

December 2007 ൽ കൈമാറി. പ്രതിരോധമേഖലയിലുള്ള കേരളത്തിലെ ആദ്യത്തെ ഉത്പാദന യൂണിറ്റാണ് ഇത്. കെൽടെക്ക് ബ്രഹ്മോസ് എയ്റോസ്പേസിനു കൈമാറിയതു വഴി 2008-09 സാമ്പത്തിക വർഷം DRDO 50 കോടി രൂപയുടെയും ISRO 15 കോടി രൂപയുടെയും നിക്ഷേപം നടത്തിയിട്ടുണ്ട്. ഇതു വഴി കമ്പനിയുടെ turnover-ൽ 60% വർദ്ധനവുണ്ടായിട്ടുണ്ട്. 2009-10 സാമ്പത്തിക വർഷം 40 കോടി രൂപയുടെ turnover ആണ് കമ്പനി പ്രതീക്ഷിക്കുന്നത്. കമ്പനിയ്ക്കിപ്പോൾ ഏകദേശം 25 അത്യാധുനിക CNC മെഷീനുകളുണ്ട്. ഈ വർഷാവസാനത്തോടെ ബ്രഹ്മോസ് എയ്റോസ്പേസ് ഒരു AS 9100 അംഗീകൃത സ്ഥാപനമാകുമെന്ന് പ്രതീക്ഷിക്കുന്നു.

## Autokast-SFU-Indian Railways JV

Steel Industrials Kerala Ltd (SILK) ന്റെ അനുബന്ധസ്ഥാപനമായ Autokast Ltd ഉം, ചേർത്തലയിലുള്ള SILK ന്റെ തന്നെ യൂണിറ്റായ Steel Fabrication Unit ന്റെയും സൗകര്യങ്ങൾ ഉപയോഗിച്ചുകൊണ്ട് ഇൻഡ്യൻ റയിൽവേയുമായി സഹകരിച്ചു സംയുക്ത മേഖലയിൽ പാസഞ്ചർ കോച്ചിനു വേണ്ടി ഒരു ഫാബ്രിക്കേറ്റഡ് ബോഗി കംപോണന്റ് നിർമ്മാണ യൂണിറ്റ് സ്ഥാപിക്കാനുള്ള നടപടി ക്രമങ്ങൾ നടന്നുവരുന്നു. ഇതിനുവേണ്ടി രൂപീകരിക്കുന്ന Kerala Rail Components Ltd എന്ന കമ്പനിയ്ക്കുവേണ്ടിയുള്ള ജോയിന്റ് വെഞ്ചർ കരാർ കേരളസർക്കാരും, കേന്ദ്ര റയിൽവേ മന്ത്രാലയവുമായി 27th Feb 2009 തീയതി ഒപ്പുവെച്ചു. Kerala Rail Components Ltd ന്റെ മൊത്തം ഷെയർ ക്യാപ്പിറ്റൽ 36 കോടി രൂപയാണ്. ഇതിൽ 51% ന്റെ തത്തുല്യതുകയായ 18.36 കോടി രൂപ റയിൽവേയും ബാക്കിയുള്ള 49% ന്റെ തത്തുല്യതുകയായ 17.64 കോടി രൂപ കേരള സർക്കാരും നിക്ഷേപിക്കുവാനാണ് തീരുമാനിച്ചിരിക്കുന്നത്.

പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ SILK ന്റെ യൂണിറ്റായിരുന്ന സ്റ്റീൽ ഫാബ്രിക്കേഷൻ യൂണിറ്റ് (SFU) ന്റെ മുഴുവൻ ആസ്തിയും പുതിയ സംയുക്ത സംരംഭത്തിനായി നൽകുന്നതാണ്.

ഈ കരാർ അനുസരിച്ച് Autokast Ltd, Steel Fabrication Unit എന്നിവയെ SILK-ൽ നിന്നും Delink ചെയ്തിട്ടുണ്ട്. Autokast Ltd ലുള്ള SILKന്റെ ഷെയറുകൾ സർക്കാരിന് കൈമാറിയിട്ടുണ്ട്.

## SCL - SAIL JV

കേന്ദ്രപൊതുമേഖലയിലെ നവരത്നകമ്പനികളിലൊന്നായ സ്റ്റീൽ അതോറിറ്റി ഓഫ് ഇൻഡ്യ ലിമിറ്റഡും കേരളത്തിലെ പൊതുമേഖലാ സ്ഥാപനമായ സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡും തമ്മിലുള്ള കരാർ 10-12-2008 ൽ ഒപ്പുവച്ചു. തുടർന്ന് SAIL 5 കോടി രൂപ working capital advance ആയി SCL ന് നൽകിയിട്ടുണ്ട്.

വാർഷികമായി 65,000 MT ഉത്പാദന ശേഷിയുള്ള 8mm – 25mm ന്റെ TMT bars നിർമ്മിക്കുവാൻ സാധിക്കുന്ന ഒരു TMT Rolling Mill കോഴിക്കോട് സ്ഥാപിക്കുവാനുള്ള 47.64 കോടി രൂപയുടെ ഒരു പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതിൽ 7.15 കോടി രൂപ വീതം GoK യും SAIL ഉം, ബാക്കി തുക ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കണ്ടെത്തുവാനാണ് ഉദ്ദേശ്യം.

സ്റ്റീൽ കോംപ്ലക്സ് ലാഭകരമായി പ്രവർത്തിക്കുവാനുള്ള സഹായം നൽകുന്നതിനായി സെയിലിൽ നിന്നും സാങ്കേതിക വിദഗ്ദ്ധന്മാരുടെ പ്രവർത്തനം SCL-ന് സൗജന്യമായി നൽകി വരുന്നു. ഇന്ത്യയിലെ നവരത്ന കമ്പനിയായ സെയിലുമായിട്ടുള്ള സംയുക്ത സംരംഭം വഴി SCL-ന് നല്ലൊരു ഭാവിയാണ് വാഗ്ദാനം ചെയ്യപ്പെടുന്നത് .

## KEL - BHEL JV

Kerala Electrical & Allied Engg. Co.Ltd ന്റെ കാസർഗോഡുള്ള യൂണിറ്റും Bharat Heavy Electricals Ltd (BHEL)-മായി ചേർന്നുകൊണ്ട് സ്ഥാപിക്കുവാനുദ്ദേശിക്കുന്ന സംയുക്ത സംരംഭത്തിനായി കേരള സർക്കാരും BHEL മായി 03-02-2009ൽ MOUൽ ഏർപ്പെട്ടിട്ടുണ്ട്.

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 535 | 25.03.2010-ൽ മറുപടിക്ക് |
|---|---|

## ട്രൈബൽ ഹെൽത്ത് യൂണിറ്റുകളുടെ പ്രവർത്തനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ബി.ഡി.ദേവസ്സി:<br>ശ്രീ.കെ.സി.കുഞ്ഞിരാമൻ:<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ:<br>ശ്രീ.എസ്.രാജേന്ദ്രൻ:<br>ശ്രീ.വി.ജെ.തങ്കപ്പൻ: | | ശ്രീമതി.പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | ആദിവാസികളുടെ ആരോഗ്യ സംരക്ഷണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | 1.വിദൂരസ്ഥമായ ആദിവാസി ഊരുകളിൽ ചികിത്സാ സഹായം എത്തിക്കുന്നതിനായി ഒരു ഡോക്ടറും, പാരാമെഡിക്കൽ സ്റ്റാഫും അടങ്ങുന്ന 13 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നുണ്ട്.<br>2. എൻ.ആർ.എച്ച്.എം.സഹായത്തോടെ കണ്ണൂരിൽ ആറളം ഫാമിൽ ഒന്നും, നിലമ്പൂരിൽ രണ്ടും മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു.<br>3. ആദിവാസി ഊരുകളിൽ മെഡിക്കൽ ക്യാമ്പുകൾ, ആരോഗ്യ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, ആരോഗ്യ ബോധവൽക്കരണ പരിപാടികൾ. പ്രീമെട്രിക്/പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിൽ മെഡിക്കൽ ചെക്ക് അപ് എന്നിവ നടത്തി വരുന്നു.<br>4. സിക്കിൾസെൽ അനീമിയ(അരിവാൾ രോഗം) കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനുമായുള്ള ഒരു പ്രോജക്ട് കഴിഞ്ഞ മൂന്നു വർഷമായി നടത്തി വരുന്നു.<br>5. കോംപ്രിഹെൻസീവ് ഹെൽത്ത് ഇൻഷുറൻസ് പദ്ധതി പ്രകാരം മെച്ചപ്പെട്ട ചികിത്സ ഉറപ്പ് വരുത്തുന്നു. ലബോറട്ടറി പരിശോധനകൾ, മരുന്നുകൾ, യാത്രാ ചെലവ് എന്നിവ ഈ പദ്ധതി പ്രകാരം നടത്തി വരുന്നു.<br>6. പകർച്ചവ്യാധികൾ സംബന്ധമായ നിയന്ത്രണ പ്രവർത്തനങ്ങൾ, പ്രതിരോധ കുത്തിവയ്പുകൾ എന്നിവ കാര്യക്ഷമമായി ഈ മേഖലയിൽ ചെയ്തു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ആദിവാസി മേഖലകളിൽ പ്രവർത്തിക്കുന്ന ട്രൈബൽ ഹെൽത്ത് യൂണിറ്റുകളുടെ പ്രവർത്തനം വിശദീകരിക്കുമോ; ഓരോ യൂണിറ്റും എത്ര ക്യാമ്പുകൾ വീതം സംഘടിപ്പിക്കുന്നുണ്ട്; | (ബി) | ആരോഗ്യവകുപ്പിനു കീഴിൽ 13 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ ആദിവാസി മേഖലകളിൽ പ്രവർത്തിച്ചു വരുന്നുണ്ട്. ഇതു കൂടാതെ ആറളം ഫാമിൽ ഒരു യൂണിറ്റും നിലമ്പൂരിൽ രണ്ട് യൂണിറ്റും പ്രവർത്തിക്കുന്നു. വിദൂരസ്ഥമായ സ്ഥലങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കാൻ ഇതു സഹായിക്കുന്നുണ്ട്. ഓരോ യൂണിറ്റും മാസത്തിൽ 20 ക്യാമ്പു വീതം നടത്താനാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. |
| (സി) | അട്ടപ്പാടിയിലും നല്ലൂർ നാടും പ്രവർത്തിക്കുന്ന സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (സി) | നല്ലൂർനാട് ആശുപത്രിയും അട്ടപ്പാടി കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയും ആരോഗ്യവകുപ്പ് പട്ടികജാതി പട്ടിക വർഗ്ഗ വകുപ്പിൽ നിന്ന് ഏറ്റെടുത്ത് അവശ്യം വേണ്ട ഡോക്ടർമാരുടേയും മറ്റ് സ്റ്റാഫുകളുടേയും തസ്തികകൾ സൃഷ്ടിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അട്ടപ്പാടി സ്പെഷ്യാലിറ്റി ആശുപത്രിയിൽ ഡോക്ടർമാരുടെ നാല് തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. ഇതു കൂടാതെ എൻ.ആർ.എച്ച്.എം. വഴിയും നിർബന്ധിത ഗ്രാമീണ സേവനം വഴിയും ഡോക്ടർമാർ ജോലി ചെയ്യു വരുന്നുണ്ട്. ജനറൽ മെഡിസിൻ, ശിശുരോഗ വിഭാഗം, ലബോറട്ടറി, എക്സ്റേ, ഓപ്പറേഷൻ തിയേറ്റർ തുടങ്ങിയുള്ള സൗകര്യങ്ങളോടെ ഈ ആശുപത്രി നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു. നല്ലൂർനാട് ആശുപത്രിയിൽ ഡോക്ടർമാരുടെ മൂന്ന് തസ്തികകളടക്കം 13 സ്റ്റാഫുകളുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ഇതു കൂടാതെ എൻ.ആർ.എച്ച്.എം.വഴിയും ഡോക്ടർമാർ ജോലി ചെയ്യുന്നു. |
| (ഡി) | മാരകരോഗങ്ങൾക്ക് പരമ്പരാഗത ചികിത്സ തേടുന്ന ആദിവാസികളെ മുഖ്യധാരാ ചികിത്സാരീതികളിലേയ്ക്ക് കൊണ്ടുവരുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ഡി) | വയനാട്ടിലേയും, അട്ടപ്പാടിയിലേയും ആദിവാസികൾക്കിടയിൽ കണ്ടുവരുന്ന ജനിതക രോഗമായ സിക്കിൾസെൽ അനീമിയ(അരിവാൾ രോഗം) കണ്ടെത്തുന്നതിനും, ചികിത്സിക്കുന്നതിനുമായുള്ള ഒരു പ്രോജക്ട് കഴിഞ്ഞ മൂന്നു വർഷമായി എൻ.ആർ.എച്ച്.എം സഹായത്തോടെ ആരോഗ്യ വകുപ്പും, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പും സംയുക്തമായി നടത്തി വരുന്നു. ഈ വിഭാഗങ്ങളെ മുഖ്യധാരാ ചികിത്സാ രീതിയിൽ കൊണ്ടു വരാനുള്ള ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു. ജനനി സുരക്ഷാ യോജന പരിപാടി വഴി ആശുപത്രികളിൽ പ്രസവങ്ങൾ കൂടുതൽ പ്രോത്സാഹിപ്പിക്കുവാൻ കഴിയുന്നുണ്ട്. |

(signature)
സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 536 | 25.03.2010-ൽ മറുപടിയ്ക്ക് |
|---|---|

## സൂര്യാഘാതം ഏൽക്കുന്നവരെ ചികിത്സിക്കാൻ സംവിധാനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.എം.മാണി: | | ശ്രീമതി.പി.കെ. ശ്രീമതി ടീച്ചർ (ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | കാലാവസ്ഥാ വ്യതിയാനംമൂലം സംസ്ഥാനം ഇന്ന് നേരിടുന്ന കടുത്ത ചൂടിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന രോഗങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | സൂര്യാഘാതംമൂലം ശരീരം പൊള്ളൽ, നിർജ്ജലീകരണം എന്നിവയും അതിന്റെ ഫലമായി ആന്തരികാവയവങ്ങൾക്കുണ്ടാകുന്ന രോഗങ്ങളും ചികിത്സിക്കാനും തടയാനും എന്തെല്ലാം കരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ബി) | ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ സംസ്ഥാനതലത്തിൽ ഒരു സെല്ല് രൂപീകരിച്ച് വിവിധ ജില്ലകളിൽ സൂര്യതാപം ഉയരുന്നതുമൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളുടെ വിവരങ്ങൾ ദിവസേന ശേഖരിച്ച് സ്ഥിതിഗതികൾ വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു. സൂര്യതാപം മൂലമുള്ള ആരോഗ്യപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനും, തടയുന്നതിനുമുള്ള മാർഗ്ഗരേഖകൾ ജില്ലാ മെഡിക്കൽ ഓഫീസർമാർ വഴി മറ്റ് ആരോഗ്യസ്ഥാപനങ്ങളിൽ ലഭ്യമാക്കിയിട്ടുണ്ട്.<br>സംസ്ഥാന ദുരന്തനിവാരണ സമിതി (SDMA) യുടെ ആഭിമുഖ്യത്തിൽ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ ഡോക്ടർമാർ അടങ്ങുന്ന ടീം കൂടുതൽ കേസ്സ് റിപ്പോർട്ടു ചെയ്ത പാലക്കാട് ജില്ല സന്ദർശിച്ച് ജില്ലാതല ഉദ്യോഗസ്ഥരെ നേരിൽ കണ്ട് ഫീൽഡ് തല പ്രവർത്തനങ്ങൾക്കുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുമൂലമുള്ള ആരോഗ്യപ്രശ്നങ്ങൾ വിലയിരുത്തുന്നതിനായി എല്ലാ ജില്ലയിലും സെല്ലുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സൂര്യതാപം മൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ തടയുന്നതിനും, ആരോഗ്യപ്രശ്നങ്ങളുണ്ടായാൽ ചെയ്യേണ്ടുന്ന കാര്യങ്ങളെക്കുറിച്ചും പത്രദൃശ്യമാധ്യമങ്ങൾ വഴിയും, പ്രശ്നങ്ങൾ കൂടുതൽ ഉണ്ടായ ജില്ലകളിൽ മൈക്ക് അനൗൺസ്മെന്റ് വഴിയും പ്രൈമറി ഹെൽത്ത് സെന്റർ തലത്തിലും, ഫീൽഡ് തലത്തിലും ആരോഗ്യപ്രവർത്തകരും, ആശാവോളണ്ടിയർമാർ വഴിയും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. സ്കൂളുകളിലെ അസംബ്ളി, ഡ്രില്ല് എന്നിവ ഒഴിവാക്കുവാനും, പരീക്ഷകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിനും വേണ്ടിയുള്ള നടപടി വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. കടുത്ത വെയിലത്ത് ജോലി ചെയ്യുന്നവർക്ക് ഉച്ചസമയത്ത് കൂടുതൽ ഒഴിവ് നൽകുന്ന രീതിയിൽ തൊഴിൽ സമയങ്ങൾ ക്രമീകരിക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. സൂര്യതാപം മൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾ നേരിടുന്നതിന് മരുന്നും മറ്റു സാധന സാമഗ്രികളും എല്ലാ ജില്ലയിലും ലഭ്യമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇത്തരം ആളുകളെ ചികിത്സിക്കാൻ സർക്കാർ ആശുപത്രികളിൽ പുതുതായി എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | (സി) | ഇത്തരത്തിലുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ നിയന്ത്രിക്കുന്നതിനുള്ള മരുന്നുകൾ പ്രൈമറി ഹെൽത്ത് സെൻറർ മുതലുള്ള എല്ലാ സർക്കാർ ആശുപത്രികളിലും ലഭ്യമാണ്. കൂടുതൽ കേസ് റിപ്പോർട്ട് ചെയ്ത പാലക്കാട് പോലുള്ള ജില്ലകളിൽ ആവശ്യമെങ്കിൽ ഫീൽഡ് തലത്തിൽ പോയി പ്രവർത്തിക്കുന്നതിനുള്ള ഡോക്ടർമാരെയും, പാരാമെഡിക്കൽ ജീവനക്കാരേയും റാപ്പിഡ് റെസ്പോൺസ് ടീമുകൾ (ആർ.ആർ.ടി) വഴി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | ഇതിനായി കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ ഏതെങ്കിലും പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | (ഡി) | കേന്ദ്രസർക്കാർ പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. സംസ്ഥാന ആരോഗ്യവകുപ്പിൻെറ നിലവിലുള്ള ആശുപത്രി സംവിധാനങ്ങളും, ഫീൽഡ് തല പ്രവർത്തന സംവിധാനങ്ങളും വഴി ഇപ്പോൾ നിലവിലുള്ള സൂര്യതാപം മൂലമുള്ള ആരോഗ്യപ്രശ്നങ്ങൾ ഫലപ്രദമായി നേരിടുവാൻ കഴിയുന്നുണ്ട്. ആവശ്യമെങ്കിൽ കൂടുതൽ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതാണ്. |

Sreekumar
സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 537 — 25.03.2010- ലെ മറുപടിക്ക്

തുറമുഖങ്ങളുടെ വികസനത്തിന് സ്വീകരിച്ച നടപടികൾ

ചോദ്യം
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ.കെ. കുഞ്ഞിരാമൻ :
ശ്രീ.എം. പ്രകാശൻ മാസ്റ്റർ
ശ്രീ.ആർ. സെൽവരാജ്:
ശ്രീ.പി. വിശ്വൻ

മറുപടി
ശ്രീ.എം. വിജയകുമാർ
(നിയമവും പാർലമെൻററികാര്യവും
സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | തുറമുഖങ്ങളുടെ വികസനത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് വികസന സാധ്യതയുള്ള 6 നോൺ മേജർ പോർട്ടുകൾ സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിഴിഞ്ഞം അന്താരാഷ്ട്ര കണ്ടെയിനർ ട്രാൻഷിപ്മെൻറ് ടെർമിനൽ പദ്ധതി പുരോഗമിച്ചു വരുന്നു. കൊല്ലം, ആലപ്പുഴ, പൊന്നാനി, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങൾ സ്വകാര്യ പങ്കാളിത്തത്തോടെ വികസിക്കുന്നതിൻെറ ഭാഗമായി വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിലേക്കായി അന്താരാഷ്ട്ര നിലവാരമുള്ള കൺസൾട്ടൻസികളെ നിയമിച്ചിട്ടുണ്ട്. ഇവയിൽ അഴീക്കൽ പോർട്ട് വികസനവുമായി ബന്ധപ്പെട്ട് കൺസൾട്ടൻറ് സമർപ്പിച്ച വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് സർക്കാർ അംഗീകരിക്കുകയും ആഗോള ടെണ്ടർ നടപടി തുടങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.<br><br>കേന്ദ്ര സർക്കാർ സഹായത്തോടെ ASIDE പദ്ധതിയിൽ ഉൾപ്പെടുത്തി 12. 80 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ കൊല്ലം പോർട്ടിൽ നടത്തി വരുന്നു.<br><br>സുനാമി പുനരധിവാസ പദ്ധതി (TRP), TEAP എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി പുലിമുട്ട്, വാർഫ്, ക്രെയിൻ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. |

(2)

| | | | |
|---|---|---|---|
| (ബി) | ബേപ്പൂർ തുറമുഖത്ത് ഇപ്പോൾ നടക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം ആണ്; മണ്ണ് മാറ്റുന്നതിനുള്ള ജോലികൾ ആരംഭിച്ചിട്ടുണ്ടോ; | (ബി) | കോഴിക്കോട് (ബേപ്പൂർ) തുറമുഖം സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കുന്നതിന് കൺസൾട്ടന്റിനെ നിയമിക്കുകയും കൺസൾട്ടന്റ് പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2009-10 വർഷത്തിലെ ഡ്രെഡ്ജിംഗ് പ്രവർത്തികൾ പൂർത്തിയായിട്ടുണ്ട്.<br><br>അപ്രോച്ച് റോഡിന്റേയും സ്റ്റാക്കിംഗ് യാർഡിന്റേയും നവീകരണം ആണ് ഇപ്പോൾ നടന്നുവരുന്നത്. സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി കേരള സ്റ്റേറ്റ് മാരിടൈം ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന ഡ്രെഡ്ജിംഗ് ജോലികൾ പുരോഗമിച്ചു വരുന്നു. |
| (സി) | കാസർഗോഡ് മുതൽ വിഴിഞ്ഞം വരെയുള്ള തുറമുഖങ്ങളുടെ സുരക്ഷയ്ക്കായി കോസ്റ്റൽ സെക്യൂരിറ്റി നെറ്റ് വർക്ക് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (സി) | ഉണ്ട്; തുറമുഖങ്ങൾ, കോസ്റ്റൽ പോലീസ് സ്റ്റേഷൻ എന്നിവ പരസ്പരം ബന്ധിപ്പിക്കുന്നതിന് ബീക്കൺ ട്രാൻസ്മിറ്റർ സ്ഥാപിക്കും. തുറമുഖങ്ങളിൽ ഐ.എസ്.പി.എസ് കോഡ് നടപ്പിലാക്കും. മൂന്ന് പട്രോളിംഗ് ബോട്ടുകൾ ഇതിനായി വാങ്ങുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) | ലക്ഷദ്വീപിൽ നിന്നും അഴീക്കൽ തുറമുഖത്തേക്ക് പാസഞ്ചർ ഷിപ്പ് സർവ്വീസും കാർഗോ സർവ്വീസും ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി എന്നു നടപ്പാക്കും എന്ന് വെളിപ്പെടുത്തുമോ? | (ഡി) | ലക്ഷദ്വീപിൽ നിന്നും അഴീക്കൽ തുറമുഖത്തേക്ക് പാസഞ്ചർഷിപ്പ് സർവ്വീസും കാർഗോ ഷിപ്പ് സർവ്വീസും ആരംഭിക്കുന്നതിനുള്ള ചർച്ചകൾ നടന്നുവരികയാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 538** **25.3.2010 ന് മറുപടിയ്ക്ക്**

## കണ്ടന്റ് മാനേജ്മെന്റ് ഫ്രെയിം വർക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.സി. വിഷ്ണുനാഥ് എം.എൽ.എ | ശ്രീ. എളമരം കരീം<br>ബഹു. വ്യവസായ വകുപ്പുമന്ത്രി. |
| (എ) മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറേറ്റിന്റെ വെബ്സൈറ്റ് കണ്ടന്റ് മാനേജ്മെന്റ് ഫ്രെയിം വർക്കിലേയ്ക്ക് മാറ്റുന്നതിന്റെ നടപടിക്രമങ്ങൾ എവിടെവരെ ആയി എന്ന് വിശദമാക്കുമോ; | (എ) മൈനിംഗ് & ജിയോളജി വകുപ്പിന്റെ വെബ്സൈറ്റ് കണ്ടന്റ് മാനേജ്മെന്റ് ഫ്രെയിം വർക്കിലേയ്ക്ക് മാറ്റുന്നതിനായി സി.ഡിറ്റിനെ സമീപിക്കുകയും ഇംഗ്ളീഷിലുള്ള വെബ്സൈറ്റ് കണ്ടന്റ് മാനേജ്മെന്റ് ഫ്രെയിം വർക്കിലേയ്ക്ക് മാറ്റുകയും ചെയ്തിട്ടുള്ളതാണ്. മലയാളത്തിലുള്ള വെബ്സൈറ്റിന്റെ നിർമ്മാണം നടന്നുവരുന്നു. |
| (ബി) ജില്ലാ ആഫീസുകളിൽ മൈനിംഗ് സംബന്ധിച്ച എല്ലാത്തരം പെർമിറ്റുകളും ലൈസൻസുകളും സംബന്ധിച്ച വിവരങ്ങൾ എന്നുമുതൽ വെബ്സൈറ്റിൽ ലഭ്യമാകുമെന്ന് വിശദമാക്കുമോ; | (ബി) ഇ. ഗവേർണൻസ് നടപ്പിലാക്കുന്നതിനായി മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നും സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. ടി ഈ-ഗവേണൻസ് പദ്ധതി നടപ്പിലാക്കിയാൽ ജില്ലാ ആഫീസിലെ മൈനിംഗിനെ സംബന്ധിക്കുന്ന |

| | |
|---|---|
| | എല്ലാ ഉത്തരവുകളും മറ്റു വിവരങ്ങളും ഡിപ്പാർട്ടുമെന്റിന്റെ വെബ് പോർട്ടലിൽ ലഭിയ്ക്കും. |
| (സി) ഇത്തരം പ്രവൃത്തികളുടെ നാളിതുവരെയുള്ള അവലോകന റിപ്പോർട്ട് ലഭ്യമാക്കുമോ; | (സി) മൈനിംഗ് & ജിയോളജി വകുപ്പ് കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെ ഭാഗമായി 2000 മുതൽ വകുപ്പിൽ കമ്പ്യൂട്ടറുകൾ വാങ്ങുകയും, ഈ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ഐ.എം.ജി യിൽ കമ്പ്യൂട്ടർ ട്രെയിനിംഗ് നൽകുകയും ചെയ്തുവരുന്നു. മൈനിംഗ് & ജിയോളജി വകുപ്പിന് സ്വന്തമായി ഒരു വെബ് സൈറ്റ് 2005 മുതൽ പ്രവർത്തനത്തിലുള്ളതാണ്. സി-ഡിറ്റാണ് ടി വെബ്സൈറ്റ് നിർമ്മിച്ച് നൽകിയിരിക്കുന്നത്. ടി വെബ്സൈറ്റ് 2009-ൽ കണ്ടന്റ് മാനേജ്മെന്റ് ഫ്രെയിം വർക്കിലേയ്ക്ക് മാറ്റിയിട്ടുണ്ട്. ടി വകുപ്പിന്റെ ഡയറക്ടറേറ്റിലും ജില്ലാ ആഫീസുകളിലും കമ്പ്യൂട്ടറുകളും ബ്രോഡ്ബാന്റ് കണക്ടിവിറ്റിയും ഈ മെയിൽ സംവിധാനവും ഉണ്ട്. ടി വകുപ്പിൽ സ്പാർക്ക്, ഭാഗികമായി 2009 -ൽ നടപ്പിലാക്കി. 2009-ൽ തന്നെ എസ്.എം.എസ് (സ്കീം മോണിറ്ററിംഗ് സിസ്റ്റവും) നടപ്പിലാക്കി. മൈനിംഗ് & ജിയോളജി വകുപ്പിൽ ഈ ഗവേണൻസ് പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി 2007 മുതൽ പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

2009-ൽ നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിൽ നിന്നും ഒരു പ്രൊപ്പോസൽ വാങ്ങുകയും ആയത് അംഗീകരിക്കുന്നതിനായി സർക്കാരിന് സമർപ്പിക്കുകയും ചെയ്തു. ആയത് സർക്കാർ പരിശോധിച്ചു വരികയാണ്.

(ഡി) പൊതുജനത്തിന് എന്തെല്ലാം നേട്ടങ്ങളാണ് ഇതുകൊണ്ട് ലഭ്യമാക്കുന്നത് എന്ന് വിശദമാക്കുമോ ?

ഇ-ഗവേണൻസ് പൂർണ്ണമായി നിലവിൽ വരുന്നതോടെ പൊതുജനങ്ങൾക്ക് മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നും നൽകുന്ന എല്ലാ മിനറൽ കൺസഷനുകളുടെയും വിവരങ്ങൾ അപ്പോൾ തന്നെ ഓൺലൈനായി ലഭ്യമാകും. മാത്രമല്ല പൊതുജനങ്ങൾക്ക് പെർമിറ്റിനും മറ്റും അപേക്ഷ നൽകുവാനും റിട്ടേൺസ് ഫയലു ചെയ്യുവാനും പരാതി സമർപ്പിയ്ക്കുവാനും, ഫയലിന്റെ നീക്കങ്ങൾ അറിയുവാനും സൗകര്യമുണ്ടാകും; മാത്രമല്ല ഈ വകുപ്പിനെ സംബന്ധിക്കുന്ന എല്ലാ വിവരങ്ങളും വെബ് പോർട്ടലിൽ ലഭ്യമാകും.

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 539 | | 25.03.2010 -ൽ മറുപടിയ്ക്ക് |
|---|---|---|
| **ജെൻഡർ അഡ്വൈസറി ബോർഡ്** | | |
| ചോദ്യം | | ഉത്തരം |
| **ശ്രീ.കെ.സി.കുഞ്ഞിരാമൻ<br>ശ്രീമതി പി.അയിഷാ പോറ്റി<br>ശ്രീമതി കെ.കെ.ലതിക<br>ശ്രീമതി കെ.എസ്. സലീഖ<br>ശ്രീ.പി.പി. അബ്ദുള്ളക്കുട്ടി** | | **ശ്രീമതി. പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും<br>വകുപ്പുമന്ത്രി)** |
| (എ) | ജെൻഡർ അഡ്വൈസറി ബോർഡ് രൂപീകരിച്ചതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വ്യക്തമാക്കുമോ; | എ) ജെൻഡർ അഡ്വൈസറി ബോർഡ് രൂപീകരിച്ചതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>(1) വനിതാ വികസനവും സ്ത്രീ ശാക്തീകരണവും സംബന്ധിച്ച വിഷയങ്ങളിൽ സർക്കാരിന് ഉപദേശവും പ്രവർത്തനങ്ങളുടെ ഏകോപനവും.<br>(2) വിവിധ വകുപ്പുകളിലൂടെ നടപ്പിലാക്കി വരുന്ന വികസന പരിപാടികളിൽ സ്ത്രീകൾക്ക് പ്രത്യേക പരിഗണന ഉറപ്പാക്കുക.<br>(3) കേരള സമൂഹത്തിൽ സ്ത്രീ പദവി ഉയർത്തുന്നതിന് ആവശ്യമായ പ്രവർത്തന പരിപാടികൾ ആവിഷ്കരിക്കാനുള്ള ഉപദേശം സർക്കാരിന് നൽകുക.<br>(4) സ്ത്രീകൾക്ക് പ്രത്യേകം ഗുണം നൽകുന്നതും വേർതിരിച്ച് വകയിരുത്താവുന്നതുമായ സ്കീമുകൾ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതികളിലും വിവിധ വകുപ്പുകളുടെ സംസ്ഥാന പദ്ധതികളിലും ഉൾപ്പെടുത്തുക. ഇതിനായി വാർഷിക പദ്ധതിയുടെ 10 ശതമാനമെങ്കിലും തുക വകയിരുത്തുമെന്ന് ഉറപ്പുവരുത്തുക.<br>(5) ജെന്റർ ഓഡിറ്റിംഗ് നടത്തുക. |

| | | |
|---|---|---|
| | | (6) സ്ത്രീ ശാക്തീകരണവും വനിതാ വികസനവും ലക്ഷ്യം വച്ചുകൊണ്ട് വിവിധ സർക്കാർ വകുപ്പുകളുടേയും സ്ഥാപനങ്ങളുടേയും ആഭിമുഖ്യത്തിൽ നടത്തുന്ന പരിപാടികളും പ്രവർത്തനവും വിലയിരുത്തുകയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും കൂടുതൽ ഏകോപനം ഉണ്ടാക്കുന്നതിനുമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക. |
| (ബി) | സ്ത്രീകൾക്ക് പ്രത്യേക ഗുണം ലഭിക്കുന്ന പദ്ധതികൾ തദ്ദേശ സ്ഥാപനങ്ങളിലും വിവിധ വകുപ്പുകളിലും ആവിഷ്കരിക്കുന്നതിനായി ജെൻഡർ അഡൈ്വസറി ബോർഡ് എന്തെങ്കിലും ശുപാർശ നൽകിയിട്ടുണ്ടോ; | (ബി) ഉണ്ട്. വിവിധ വകുപ്പുകളിലെ സ്കീമുകളുടെ സ്ത്രീ പരിഗണന പരിശോധന വിധേയമാക്കി. ഇതു സംബന്ധിച്ച റിപ്പോർട്ട് ബന്ധപ്പെട്ട വകുപ്പ് പ്രതിനിധികളുമായി ജെൻഡർ ബോർഡ് ചർച്ച ചെയ്തു. തുടർന്ന് സംസ്ഥാന ആസൂത്രണ ബോർഡും ജെൻഡർബോർഡും സംയുക്തമായി 2009 ഒക്ടോബർ 16ന് തിരുവനന്തപുരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിൽ വച്ച് വികസന വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കായി ജെന്റർ ബഡ്ജറ്റിംഗ് സംബന്ധിച്ച് പ്രത്യേക ശില്പശാല നടത്തി. വാർഷിക പദ്ധതി തയ്യാറാക്കുമ്പോൾ സ്ത്രീകളുടെ സാമൂഹിക സാമ്പത്തിക ശാക്തീകരണത്തിന് സഹായകമായ സ്കീമുകൾക്ക് രൂപം നൽകുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ഈ ശില്പശാലയിലൂടെ നൽകി. ഇതിന്റെ ഫലമായി 2009-10ൽ വാർഷിക പദ്ധതിയിൽ സ്ത്രീകൾക്കായുള്ള പദ്ധതികൾക്കുള്ള ആകെ വിഹിതം 5.6 ശതമാനമായിരുന്നത് 2010-11 വാർഷിക പദ്ധതിയിൽ സ്ത്രീകൾക്കായി 620 കോടി രൂപ (8.5 ശതമാനം) യുടെ പദ്ധതികൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (സി) | സ്ത്രീ ശാക്തീകരണം ലക്ഷ്യമിട്ട് സംസ്ഥാനത്ത് നടപ്പാക്കുന്ന പദ്ധതികൾ ബോർഡ് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | (സി) ഉണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വനിതാ ഘടക പദ്ധതിയും, സാമൂഹ്യക്ഷേമ വകുപ്പ്, ആരോഗ്യ വകുപ്പ്, വ്യവസായ വകുപ്പ്, കൃഷി വകുപ്പ്, മൃഗ സംരക്ഷണ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, പോലീസ് എന്നീ വകുപ്പുകളുടെ കീഴിൽ വരുന്ന വിവിധ പദ്ധതികളിലെ സ്ത്രീകൾക്കായുള്ള പ്രത്യേക സ്കീമുകളെ സംബന്ധിച്ച് വിലയിരുത്തി റിപ്പോർട്ട് അതാത് വകുപ്പുകൾക്ക് നൽകിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ വനിതാ ഘടക പദ്ധതിയുടെ ഭാഗമായി മെച്ചപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് 'കില' പ്രത്യേക കൈപ്പുസ്തകം തയ്യാറാക്കി പരിശീലനം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 540

25.03.2010-ൽ
മറുപടിക്ക്

## ജനനീസുരക്ഷാ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ടി. എൻ. പ്രതാപൻ<br>ശ്രീ. ജി. കാർത്തികേയൻ<br>ശ്രീ. കെ. ശിവദാസൻ നായർ | ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| എ) ജനനി സുരക്ഷാ പദ്ധതിയുടെ വിശദാംശം നൽകുമോ : | എ) സമൂഹത്തിലെ ദുർബല വിഭാഗത്തിലെ സ്ത്രീകളുടെയിടയിലെ പ്രസവം ആശുപത്രികളിൽ വച്ചു തന്നെ ഉറപ്പാക്കാൻ വേണ്ടിയുള്ള കേന്ദ്ര ഗവൺമെൻറിന്റെ പദ്ധതിയാണ് ജനനി സുരക്ഷാ യോജന . ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിന്റെ ഭാഗമായി 2005 ഏപ്രിൽ മുതലാണ് ഈ പരിപാടി നടപ്പിൽ വന്നു തുടങ്ങിയത്. പട്ടികജാതി / പട്ടിക വർഗ്ഗത്തിലുള്ള എല്ലാ സ്ത്രീകളും മറ്റു വിഭാഗത്തിൽപ്പെട്ട ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള എല്ലാ സ്ത്രീകളും പദ്ധതിയുടെ ഗുണഭോക്താക്കളാണ്. സർക്കാർ ഉടമസ്ഥതയിലുള്ള ആരോഗ്യ കേന്ദ്രങ്ങൾ, പി.എച്ച്.സി., സി.എച്ച്.സി., എഫ്.ആർ.യു എന്നിവിടങ്ങളിലോ, ജില്ലാ - സംസ്ഥാന തലങ്ങളിലുള്ള ആശുപത്രികളിലെ ജനറൽ വാർഡിലോ അംഗീകൃത സ്വകാര്യ ആശുപത്രികളിലോ നടക്കുന്ന പ്രസവങ്ങൾക്കാണ് സാമ്പത്തിക സഹായം നൽകുന്നത്. ഈ സഹായം ഗ്രാമങ്ങളിൽ നിന്നുള്ള അമ്മമാർക്ക് 700 രൂപയും നഗരങ്ങളിൽ നിന്നുള്ള അമ്മമാർക്ക് 600 രൂപയുമാണ്. 2008 ഫെബ്രുവരി 29 ലെ പുതുക്കിയ ഉത്തരവു പ്രകാരം പത്തൊൻപത് വയസ്സിനു മുകളിൽ പ്രായമുള്ള ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള സ്ത്രീകൾക്കും പട്ടികജാതി / പട്ടിക വർഗ്ഗത്തിൽപ്പെട്ട സ്ത്രീകൾക്കും (വരുമാന പരിധി ബാധകമല്ലാതെ) ആദ്യത്തെ രണ്ട് സജീവ പ്രസവങ്ങൾക്ക് താഴെപ്പറയും പ്രകാരം സാമ്പത്തിക സഹായം നൽകിവരുന്നു.<br><br>▪ ഗ്രാമീണ മേഖലയിലുള്ള സ്ത്രീകൾക്ക് ആശുപത്രിയിൽ നടക്കുന്ന പ്രസവത്തിന് 700 രൂപയും പ്രസവത്തോടനുബന്ധിച്ചുള്ള യാത്രാ ചെലവിനായി 300 രൂപയും<br>▪ നഗരപ്രദേശങ്ങളിലെ സ്ത്രീകൾക്ക് ആശുപത്രിയിൽ നടക്കുന്ന പ്രസവത്തിന് 600 രൂപയും പ്രസവത്തോടനുബന്ധിച്ചുള്ള യാത്രാ ചെലവിനായി 300 രൂപയും<br>▪ വീട്ടിൽ വച്ച് നടക്കുന്ന പ്രസവങ്ങൾക്ക് 500 രൂപയും<br>▪ അംഗീകൃത സ്വകാര്യ ആശുപത്രിയിൽ വച്ച് നടക്കുന്ന പ്രസവങ്ങൾക്കും മേൽപ്പറഞ്ഞ രീതിയിൽ ധനസഹായം ലഭിക്കുന്നതാണ്.<br><br>ബി.പി.എൽ കാർഡുണ്ടായിരിക്കുകയോ, ബി.പി.എൽ ലിസ്റ്റിൽ പേര് ഉൾപ്പെടുത്തിയിരിക്കുകയോ, ബി.പി.എൽ ആണെന്ന് തെളിയിക്കുന്ന രേഖകളോ ഉള്ളവർക്ക് സാമ്പത്തിക സഹായം ലഭിക്കുന്നതാണ്. |

ബി) പ്രസ്തുത പദ്ധതി പ്രകാരമുള്ള ചെലവ് നിർവ്വഹിക്കുന്നത് എപ്രകാരമാണ് ;

ബി) ജനനി സുരക്ഷാ യോജന പദ്ധതി പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള സ്ത്രീകൾക്കും പട്ടികജാതി / പട്ടിക വർഗ്ഗത്തിൽപ്പെട്ട സ്ത്രീകൾക്കും (വരുമാന പരിധി ബാധകമല്ലാതെ) ആദ്യ രണ്ട് സജീവ പ്രസവങ്ങൾക്ക് നൽകുന്ന സാമ്പത്തിക സഹായം താഴെപ്പറയും പ്രകാരമാണ് .

- ഗ്രാമീണ മേഖലയിൽ നിന്നു വരുന്ന സ്ത്രീകൾക്ക് 700 രൂപയും യാത്രാ ചെലവിനായി 300 രൂപയും
- നഗര കോർപറേഷൻ മേഖലയിലുള്ള സ്ത്രീകൾക്ക് 600 രൂപയും യാത്രാ ചെലവിനായി 300 രൂപയും
- വീട്ടിൽ വച്ച് നടക്കുന്ന പ്രസവങ്ങൾക്ക് 500 രൂപയാണ് സാമ്പത്തിക സഹായം നൽകുന്നത്.
- അംഗീകൃത സ്വകാര്യ ആശുപത്രിയിൽ വച്ച് നടക്കുന്ന പ്രസവങ്ങൾക്കും മേൽപ്പറഞ്ഞ രീതിയിൽ ധനസഹായം ലഭിക്കുന്നതാണ്.

സി) പ്രസ്തുത പദ്ധതിയ്ക്ക് വേണ്ടി കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും എന്തനുപാതത്തിലാണ് ചെലവ് നിർവ്വഹിക്കുന്നത് ;

സി) ഈ പദ്ധതിയ്ക്കുവേണ്ടി മുഴുവനായും കേന്ദ്ര ഗവൺമെന്റിന്റെ ഫണ്ടാണ് മേൽപ്പറഞ്ഞ പ്രകാരം വിനിയോഗിക്കുന്നത്.

ഡി) എത്ര തുകവീതമാണ് ഇതുവരെ ഈ പദ്ധതി പ്രകാരം സംസ്ഥാന ഗവൺമെന്റും കേന്ദ്ര ഗവൺമെന്റും ചെലവഴിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

ഡി) 2005 മുതൽ 2010 വരെ ജനനി സുരക്ഷാ യോജന പദ്ധതിയുടെ വർഷം തിരിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

| Year | Home Delivery | Institutional delivery | Total No. of beneficiaries | Allocation Expenditure (Rs.in crores) | Expenditure (Rs.in crores) |
|---|---|---|---|---|---|
| 2006-07 | 1801 | 547607 | 58296 | 5.12 | 3.28 |
| 2007-08 | 1789 | 535968 | 193417 | 5.00 | 14.83 |
| 2008-09 | 1621 | 499327 | 136393 | 9.36 | 12.84 |
| 2009-10 (till Feb 2010) | 706 | 339776 | 101047 | 14.79 | 10.73 |
| Total | മുഴുവനും കേന്ദ്ര ഗവൺമെന്റ് ഫണ്ട് | | | | 41.68 |

സെക്ഷൻ ഓഫീസർ